Vol. XXV No. 10

NOVEMBER 2010

# യേശു ജീവിക്കുന്നു

Yesu Jeevikkunnu

A Publication of Grace Ministries of India

# പ്രേക്ഷിത ദൗത്യനിർവ്വഹണത്തിന് നവപ്രചോദനം പകർന്ന ജി.എം.ഐ ദേശീയ നേതൃത്വ സംഗമം

സ്വന്തം ലേഖകൻ

മൂന്ന് നാൾ നീണ്ടു നിന്ന ജി.എം.ഐ ദേശീയ നേതൃത്വ സംഗമം 2010 ഒക്ടോബർ 12 മുതൽ 14 വരെ തിരുവനന്തപുരം കാട്ടാക്കട ക്രിസ്തുകൃപാ ആശ്രമത്തിൽ വച്ച് നടത്തപ്പെട്ടു. ഒക്ടോബർ 12-ാം തീയതി രാവിലെ 10 മണിക്ക് ജി.എം.ഐ. പ്രഡിഡന്റ് ബ്രദർ ഡി.ജെ. അജിത്കുമാറിന്റെ പ്രാർത്ഥനയോടെ ആരംഭിച്ച, ജി.എം.ഐയുടെ എല്ലാ സ്റ്റേറ്റ് കോ-ഓഡിനേറ്റർമാരും പങ്കെടുത്ത പ്രസ്തുത സംഗമത്തിന് ജനറൽ സെക്രട്ടറി ഡോ. ഈ. സ്റ്റീഫൻ, നാഷണൽ കോ-ഓർഡിനേറ്റർ ബ്രദർ. എൽ. ദേവപ്രസാദ്, എക് സിക്യൂട്ടീവ് ബോർഡ് അംഗം ബ്രദർ. മാത്യു ഫിലിപ്പ്, മിഷൻ ഡയറക്ടർ ബ്രദർ കെ. കെ. ജോർജ്, എന്നിവരെ കൂടാതെ റീജിയണൽ കോ-ഓർഡിനേറ്റർമാരും നേതൃത്വം നൽകുകയുണ്ടായി.

പ്രേക്ഷിത ദൗത്യ നിർവ്വഹണവും സാമൂഹികക്ഷേമ പ്രവർത്തനവും ദീർഘവീക്ഷണത്തോടെ നടപ്പിലാക്കുവാൻ വേണ്ട പുത്തൻ പ്രചോദനം ഉൾക്കൊള്ളുവാൻ സമകാലിക വിഷയങ്ങളെ ആസ്പദമാക്കി ജി.എം.ഐ.യുടെ നേതൃത്വ നിരയി ലുള്ളവർ നയിച്ച ക്ലാസ്സുകൾ, ചർച്ചകൾ, അവലോകനം, അനുഭവങ്ങളുടെ പങ്കുവയ്ക്കൽ എന്നിവ ഈ സംഗമത്തിന്റെ പ്രത്യേകതയായിരുന്നു.



**പുത്തൻ ദൗത്യം:** ജി.എം.ഐ ദേശീയ നേതൃത്വ സംഗമത്തിൽ ബ്രദർ. ഡി.ജെ. അജിത്കുമാർ സംസാരിക്കുന്നു

ജി.എം.ഐ.യുടെ പ്രധാന പ്രവർത്തനമായ ഹൗസ് ചർച്ചുകളുടെ 'ഗുണങ്ങളും പോരായ്മകളും' എന്ന വിഷയത്തെ ആസ്പദമാക്കി കൊണ്ട് ത്രിപുര, മണിപ്പൂർ എന്നീ സംസ്ഥാനങ്ങളിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന റീജിയണൽ കോ-ഓർഡിനേറ്റർ ബ്രദർ. സുബ്രതാ ഗാംഗുലി ചർച്ചയ്ക്ക് നേതൃത്വം നൽകി. തുടർന്നു പ്രസ്തുത വിഷയത്തെ ആസ്പദമാക്കി നടന്ന ചർച്ചയിൽ സ്റ്റേറ്റ് കോ-ഓർഡിനേറ്റർമാർ പ്രാദേശീയ തലങ്ങളിൽ നിലനിൽക്കുന്ന സാഹചര്യങ്ങൾ വിശദീകരിക്കുകയുണ്ടായി. ഹൗസ് ചർച്ചുകൾക്ക് അനുകൂലവും പ്രതികൂലവുമായ സാഹചര്യങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുകയും പ്രെയർ ഹാളുകൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത അനിവാര്യമാണെന്നും ചർച്ചയിലൂടെ വ്യക്തമാക്കുകയുണ്ടായി. പ്രാദേശിക സാഹചര്യങ്ങളോട് നീതിപുലർത്തുന്ന വിധമായിരിക്കണം പ്രെയർ ഹാളുകൾ നിർമ്മിക്കേണ്ടത് എന്ന് ചർച്ചകൾക്ക് മറുപടിയായി പ്രസിഡന്റ് നിർദ്ദേശിച്ചു.

തദ്ദേശീയരായ മിഷണറിമാർക്ക് മികവുറ്റ ദൈവശാസ്ത്ര പരിജ്ഞാനം പ്രാദേശികതലത്തിൽ നൽകുക എന്ന ലക്ഷ്യത്തോടെ ജി.എം.ഐ.യുടെ ആഭിമുഖ്യത്തിൽ വിവിധ മിഷൻ സ്റ്റേഷനുകളിൽ ആരംഭിച്ചിരിക്കുന്ന "TIMES"

(തുടർച്ച 2-ാം പേജിൽ....)

# സാമൂഹ്യ പ്രതിപത്തി നിറവേറ്റിക്കൊണ്ട് വീണ്ടും ഹഫാം

**പോലീസ് ഡിപ്പാർട്ട്മെന്റും ജി.എം.ഐയും ചേർന്ന് തിരുവനന്തപുരം ചെങ്കൽചൂളയിലെ മൂന്ന് എളിയ കുടുംബങ്ങളെ ഹഫാമിലൂടെ സന്ധാരണം ചെയ്തു**

കൺമുന്നിൽ സ്വന്തം മാതാവ് പിതാവിനാൽ ചുട്ടുകൊല്ലപ്പെടുക! ദുഷ്ടതയ്ക്കുള്ള കൂലി ഏറ്റു വാങ്ങി പിതാവ് ജയിലറയിലടയ്ക്കപ്പെടുക; മാതാവും പിതാവും നഷ്ടപ്പെട്ട് ദയനീയതയുടെ അനാഥത്വത്തിലേക്ക് തള്ളപ്പെടുക. തിരുവനന്തപുരം ജില്ലയിലെ വെള്ളനാട് സ്വദേശികളായ 7 വയസ്സുകാരൻ വിഷ്ണു, 5 വയസ്സുകാരൻ വിശാഖ് എന്നീ കുരുന്നുകൾക്കായിരുന്നു ഈ ദുരനുഭവം. 2005 ജൂൺ 1-ന് സംഭവിച്ച ഈ കൊടും ക്രൂരതയ്ക്കൊടുവിൽ സാധുവായ തങ്ങളുടെ മുത്തശ്ശിയുടെ സംരക്ഷണയിലായി, ഒരുകാ ലത്ത് ഏറെ കുപ്രസിദ്ധ മായിരുന്ന ചെങ്കൽ ചൂള കോളനിയിലെ ഒരു കുടിലിൽ എത്തിചേർന്നു. അവിടെ വസിച്ചുകൊണ്ട് ഏറെ പണിപ്പെട്ട് യഥാക്രമം 6, 5 ക്ലാസ്സുവരെ പഠിച്ചെത്തിയ ഇവർ പ്രാരാബ്ധങ്ങളുടെ കെടുതിയിൽ വാടിപ്പോയ അവസരത്തിലാണ് കേരളാ പോലീസിന്റെ ജനസുരക്ഷാ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം കന്റോൺമെന്റ് പോലീസ് ഈ കുടുംബത്തെ കണ്ടെത്തി ഇവരുടെ രക്ഷയ്ക്കായി ഗ്രെയ്സ് മിനിസ്ട്രീസ് ഓഫ് ഇന്ത്യയുടെ ഹാപ്പി ഫാമിലി മിഷനുമായി ബന്ധപ്പെട്ടത്.



**'സ്നേഹ ഹസ്തം':** മാതാവും പിതാവും നഷ്ടമായ കുരുന്നുകളുടെ കുടുംബത്തിന് വേണ്ടി മുത്തശ്ശിയായ ശ്രീമതി. സത്യഭാമക്ക് ഹഫാമിലൂടെയുള്ള ആദ്യ ഭക്ഷണകിറ്റ് കൈമാറുന്ന കന്റോൺമെന്റ് സബ്ഇൻസ്പെക്ടർ ശ്രീ. ജെ. സന്തോഷ്കുമാർ

പോലീസ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 13-ാം തീയതി ചെങ്കൽചൂളയിലെ രാജീവ് ഗാന്ധി ഹാളിൽ വച്ചു നടത്തപ്പെട്ട പൊതു സമ്മേളനത്തിൽ ഈ കുടുംബത്തെയും, ദാരിദ്ര്യത്തിന്റെ മടിത്തട്ടിൽ വലഞ്ഞിരുന്ന മറ്റു രണ്ടു കുടുംബങ്ങളെയും ഹഫാമിലൂടെ ഏറ്റെടുത്തു. സമ്മേളനത്തിൽ കന്റോൺമെന്റ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. വി. സുരേഷ് കുമാർ, സബ് ഇൻസ്പെക്ടർ ശ്രീ. ജെ. സന്തോഷ്കുമാർ ജി.എം.ഐ. പ്രസിഡന്റ് ഡോ. ഡി.ജെ. അജിത്കുമാർ, ജി.എം.ഐ കോ-ഓഡിനേറ്റർ ശ്രീ. എൽ. ബിജുകുമാർ തുടങ്ങിയവർ സംസാരിച്ചു. സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ പ്രവർത്തകരും പോലീസ് അധികാരികളും ജി.എം.ഐ പ്രവർത്തകരും, സമൂഹത്തിന്റെ വിവിധ തുറകളിൽപ്പെട്ട ജനങ്ങളും പ്രസ്തുത ചടങ്ങിൽ പങ്കെടുത്തു. ഹഫാം ഡയറക്ടർ ശ്രീ സുഗത് സിംഗ്, ഫീൽഡ് സൂപ്പർവൈസർ ശ്രീ. ദേവദാനം സാരസം എന്നിവരും സന്നിഹിതരായിരുന്നു. എളിയവർക്കു ചെയ്യുന്നതാണ് ദൈവത്തിനു ചെയ്യുന്നത് എന്നു പഠിപ്പിച്ച പ്രിയ ഗുരുനാഥനായ യേശുകർത്താവിന്റെ ഉപദേശമാണ് ഈ പ്രവർത്തനത്തിന്റെ

(തുടർച്ച 12-ാം പേജിൽ....)

## അതികാംഷയോടെ രക്ഷാനായകനിൽ ആശ്രയം വയ്ക്കുന്ന ഉത്തർപ്രദേശിലെ എളിയ ജനം

*- മിഷൻ ന്യൂസ് ബ്യൂറോ*

സഹോ. എച്ച്. ബി. ജോൺ ഗുരുമാഹ് എന്ന സ്ഥലത്ത് ക്രമീകരിച്ച പരസ്യയോഗത്തിൽ വച്ച് 5 വർഷമായി സാത്താന്യബന്ധനത്തിലായിരുന്ന സുഖിയ എന്ന സഹോദരിയ്ക്ക് കർത്താവ് പൂർണ്ണ വിടുതൽ നൽകി. തന്റെ ശുശ്രൂഷയിലൂടെ ലക്നൗവർ ഗ്രാമത്തിലെ അഖിലേഷ്കുമാർ സന്തോഷ് കുമാർ; ചത്ഗരാഗ്രാമത്തിലെ അജയ്കുമാർ, അൻജീതാകുമാരി എന്നീ വ്യക്തികൾ രക്ഷിക്കപ്പെട്ടു. ഉത്തർപ്രദേശിലെ മിഷൻ പ്രവർത്തനങ്ങളെ സ്തുത്യർഹമായ രീതിയിൽ ഏകോപിപ്പിച്ചുവരുന്ന പ്രിയ സഹോദരനെയും കുടുംബത്തേയും ദൈവകരങ്ങളിൽ ഭരമേൽപിച്ചു പ്രാർത്ഥിച്ചീടാം.

ബാന്ദ ജില്ലയിലെ ബജ്കർ ഗ്രാമത്തിലെ ബാബുലാൽ വർമ്മ എന്ന വ്യക്തിയ്ക്ക് സഹോ. രാംവിഷാൽ ഫിലിപ്പിന്റെ പ്രാർത്ഥനയിലൂടെ ത്വക്ക് രോഗത്തിൽ നിന്നും വിടുതൽ ലഭിച്ചു. ബാന്ദ ജില്ലയിലെ 6 ഗ്രാമങ്ങളിലെ പ്രിയസഹോദരന്റെ പ്രവർത്തനങ്ങളിലൂടെ അർജുനാ ഗ്രാമത്തിലെ രജനിയാ, മിതുലാൽ, ബൈയ്യാലാൽ സർസ്വാഗ്രാമത്തിലെ രാംഹിത്, സനിൽകുമാർ, മഹേന്ദ്ര പ്രതാപ്, രമാഷേവർ; മണിപൂർ ഗ്രാമത്തിലെ ജഗേസ്വർ; പെയ്ഗംബർപൂർ ഗ്രാമത്തിലെ രാജ്കിഷോർ ജാംഡികാപുര ഗ്രാമത്തിലെ രാംചരൺ, സിയാസകി എന്നീ വ്യക്തികൾ രക്ഷാനിർണ്ണയം പ്രാപിക്കുവാനിടയായിത്തീർന്നു. ഇതിൽ രാംഹിത്, രാജകിഷോർ, സിയാസകി എന്നീ വ്യക്തികൾ ജലസ്നാനമേൽക്കുവാനും കർത്താവ് സഹായിച്ചു. പ്രിയ സഹോദരനെയും കുടുംബത്തെയും സർവ്വശക്തനായ ദൈവം തന്റെ കരങ്ങളിൽ വഹിച്ചു കൊള്ളേണ്ടതിനായി പ്രാർത്ഥിച്ചീടാം.

ബാന്ദ ജില്ലയിലെ അദ്രോരി ഗ്രാമം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സഹോ. വിനോദ് കുമാർ പോളിന്റെ ശുശ്രൂഷയിലൂടെ അദ്രോരി ഗ്രാമത്തിലെ ഷിവിയപോൾ, ഹസ്ദൻ ഗ്രാമത്തിലെ ബാൽവിലാൽ; അതുവാ ഗ്രാമത്തിലെ രാം ചരൺ എന്നീ വ്യക്തികൾ രക്ഷയുടെ അനുഭവത്തിലേക്ക് കടന്നുവന്നു. തുടർന്നും തന്റെ പ്രവർത്തനങ്ങളെ സർവ്വ ശക്തനായ ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിച്ചീടാം.

മാവു ജില്ലയിലെ 6 ഗ്രാമങ്ങളിൽ പ്രവർത്തിക്കുന്ന സഹോ. മനോജ്കുമാർ ആത്മാർത്ഥമായി ചെയ്ത ശുശ്രൂഷകളുടെ ഫലമായി പ്രേംരാജാ ഗ്രാമത്തിലെ സുശീല, പ്രമീള, ഗുഡു; നുർളാപൂർ ഗ്രാമത്തിലെ നഗിന, ശാന്തി, രാംബചൻ എന്നീ വ്യക്തികൾ വിശ്വാസത്തിലേക്ക് കടന്നുവന്നു. ഗോപാൽപൂർ ഗ്രാമത്തിലെ രഘുനാഥ് എന്ന വ്യക്തിയുടെ 5 വയസ്സുള്ള ചെറുമകൻ ഉദരസംബന്ധമായ രോഗത്താൽ വളരെ ഭാരപ്പെട്ടു. ധാരാളം ചികിത്സ ചെയ്തിട്ടും യാതൊരു മാറ്റവും ഉണ്ടായില്ല. അങ്ങനെ രാത്രി 11 മണിക്ക് സഹോ. മനോജ് കുമാറിന്റെ അടുക്കലേയ്ക്ക് പ്രാർത്ഥനയ്ക്കായി കൊണ്ടുവന്നു. പ്രാർത്ഥനയുടെ ഫലമായി ദൈവം പ്രിയ പൈതലിനെ വിടുവിച്ചു. സോനു എന്ന 20 വയസ്സുള്ള സഹോദരൻ പെട്ടെന്നുള്ള അസുഖത്താൽ ക്ഷീണിതനായിത്തീർന്നു. കണ്ണുകൾ ചുവന്ന് വേദനയാൽ വളരെ ഭാരപ്പെട്ടു. സഹോ. മനോജ്കുമാർ ആ ഭവനത്തിൽ കടന്നുപോയി ആ സഹോദരനുവേണ്ടി ദൈവത്തോടപേക്ഷിക്കുകയും തന്റെ അവസ്ഥയ്ക്ക് വളരെ ഭേദം ഉണ്ടാകുകയും ചെയ്തു. തുടർന്നും അനേകർക്ക് ആശ്വാസവും വിടുതലും പ്രദാനം ചെയ്യുവാൻ പ്രിയ സഹോദരന്റെ ശുശ്രൂഷകൾ ഉതകുമാറാകട്ടെ എന്ന് പ്രാർത്ഥിച്ചീടാം.

പരസ്യയോഗങ്ങൾ ക്രമീകരിച്ച് ദൈവവചനം പ്രഘോഷിക്കുന്നതിനും ഭവനങ്ങളിൽ പ്രാർത്ഥനാ കൂട്ടായ്മകൾ ക്രമീകരിച്ച് വിവിധ വിഷയങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുന്നതിനും ശ്രദ്ധാലുവായ സഹോ. അനിൽ കുമാറിന്റെ ശുശ്രൂഷയിലൂടെ രമാപൂർ ഗ്രാമത്തിലെ പശുപതി വർമ്മ; കുച്ഹരാ ഗ്രാമത്തിലെ ഗ്രേഷ്റാം, കൊനെയ്റാം എന്നീ വ്യക്തികൾ രക്ഷാനിർണ്ണയം പ്രാപിക്കുവാനിടയായിത്തീർന്നു. സഹോ. അനിൽകുമാറിന്റെ നേതൃത്വത്തിൽ ക്രമീകരിക്കപ്പെട്ട ഉപവാസ പ്രാർത്ഥനയിൽ വച്ച് സാത്താന്യ ബന്ധനത്താൽ ഭാരപ്പെട്ടിരുന്ന പസുപതി ബർമ്മ എന്ന സഹോദരന് വിടുതൽ ലഭിക്കുവാനിടയായി. താൻ ഇപ്പോൾ സ്ഥിരമായി കൂട്ടായ്മകളിൽ കടന്നു വന്ന് സംബന്ധിക്കുന്നു. ഉത്തർപ്രദേശിലെ സോധൻപൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സഹോ. അനിൽ കുമാറിന്റെ ശുശ്രൂഷകളെ ദൈവകരങ്ങളിൽ ഭരമേൽപ്പിച്ചു പ്രാർത്ഥിച്ചീടാം.

## പ്രതികൂലങ്ങളിൽ തളരാതെ മുന്നേറീടുവാൻ.....

ഒറീസ്സയിലെ ബലാംഗീർ ജില്ലയിലെ ഖാഗ്സികാനി ഗ്രാമത്തിൽ സഹോ. ദിനേഷ് കുമാർ നാഗ് പുതുതായി കടന്നു പോയി സുവിശേഷം അറിയിച്ചതിലൂടെ ചന്ദനമണി സുന എന്ന വ്യക്തിയുടെ കുടുംബം വിശ്വാസത്തിലേക്ക് കടന്നുവന്നു. ക്രിസ്തീയ വിരോധികൾ വളരെയധികം പ്രതികൂലങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുന്ന ആ പ്രദേശത്ത് ആ കുടുംബം വിശ്വാസത്തിൽ ഉറച്ചുനിൽക്കേണ്ടതിനായി പ്രാർത്ഥിച്ചീടാം. മകേന്ദപൂർ, സന്ധീജർ, കൊട്ടാപാലി, മാലാപഡ, കെന്ദുഘട്ട്, ലാറാപഡാ രാജ് പഡ, ബഡാബഹൽ, ഘട്ക്കീന്തര, ചന്ദൻപെണ്ട എന്നീ ഗ്രാമങ്ങളിൽ പ്രവർത്തിച്ചുവരുന്ന സഹോ. ദിനേഷ് കുമാർ നാഗ് കൊട്ടാപാലി ഗ്രാമത്തിൽ പുതുതായി ആരംഭിച്ച സൺഡേ സ്ക്കൂളിൽ 12 കുഞ്ഞുങ്ങൾ കടന്നുവന്ന് ദൈവവചനം പഠിക്കുന്നു. കൊട്ടാപാലിയിൽ തന്നെ പുതുതായി ഒരു ഹൗസ്ചർച്ചും ആരംഭിച്ചു. കെന്ദുഘട്ടിലെ രാകേഷ്നന്ദ, മീനാക്ഷിനന്ദ, ജഷ്മനന്ദ, കുന്നിനന്ദ, ഗീതുനന്ദ, ഗിരിധർനന്ദ എന്നീ വ്യക്തികൾ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നതിന് സഹോ. ദിനേഷ് കുമാർ നാഗിന്റെ പ്രവർത്തനം മൂലം ഇടയായിത്തീർന്നു. പ്രിയ സഹോദരന്റെ പ്രവർത്ത നങ്ങൾ ഇനിയും അനേകർക്ക് നിത്യജീവന്റെ വെളിച്ചമേകാൻ ഉതകേണ്ടതിനായി പ്രാർത്ഥിച്ചീടാം.

## വിഗ്രഹങ്ങളുടെ ലജ്ജയിൽ നിന്നും ക്രിസ്തുവിന്റെ പ്രശംസയിലേക്ക്

ഉത്തരപ്രദേശിലെ ബാന്ദ ജില്ലയിലെ ഖുറാഹണ്ട് ഗ്രാമത്തിൽ സഹോ. രാംരത്തന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന കൂട്ടയ്മയിൽ ബിന്ദ്ര എന്ന വ്യക്തിയും കുടുംബവും പുതുതായി കടന്നുവരുന്നു. കുടുംഹനാഥനായ ബിന്ദ്ര വിഗ്രഹങ്ങളെ ആരാധിക്കുകയും അവയിൽ വളരെ അധികം വിശ്വാസിക്കുകയും ചെയ്തിരുന്ന വ്യക്തിയായിരുന്നു. ഒരു ദിവസം സഹോ. രാംരത്തന്റെ ഭാര്യ ബിന്ദ്രയുടെ ഭാര്യയോട് സുവിശേഷം പങ്കുവച്ചു. ആ സഹോദരി കർത്താവായ യേശുവിൽ വിശ്വാസിച്ച് രഹസ്യമായി കൂട്ടായ്മയിൽ കടന്നുവന്ന് പ്രാർത്ഥിക്കുവാൻ ആരംഭിച്ചു. ആ സന്ദർഭത്തിൽ ബിന്ദ്ര ചില പ്രത്യേക ആവശ്യങ്ങൾക്കായി വിഗ്രഹങ്ങളോട് അപേക്ഷിച്ചു. എന്നാൽ യാതൊരു മറുപടിയും ലഭിച്ചില്ല. കോപം പൂണ്ട് തന്റെ വിഗ്രഹങ്ങളെല്ലാം എടുത്ത് പുറത്തുകളഞ്ഞ ബിന്ദ്ര ഇപ്പോൾ കുടുംബമായി നമ്മുടെ കൂട്ടായ്മയിൽ കടന്നുവരുന്നു. ഖുറാഹണ്ടിനു പുറമെ മഹുവാ, ഡിംഗോവാലി, ജെമറായി എന്നീ ഗ്രാമങ്ങളിലും പ്രവർത്തിക്കുന്ന സഹോ. രാംരത്തന്റെ പ്രവർത്തനങ്ങൾ മേൽക്കുമേൽ അഭിവൃദ്ധി പ്രാപിക്കേണ്ടതിനായി പ്രാർത്ഥിച്ചീടാം.

*1-ാം പേജിന്റെ തുടർച്ച...*

(തിയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മിഷൻ ആന്റ് ഇവാഞ്ചലിസം സ്റ്റഡീസ്) -ന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനാവശ്യമായ കർമപരിപാടികൾക്ക് സമ്മേളനം രൂപം നൽകി.

തദ്ദേശിയമായ മിഷണറി പ്രവർത്തനത്തിന്റെ ആവശ്യകതയും കാര്യക്ഷമതയും എന്ന വിഷയത്തെ ആസ്പദമാക്കി തമിഴ്നാട് സ്റ്റേറ്റ് കോ-ഓർഡിനേറ്റർ ബ്രദർ കെ. സാമുവേൽ സംസാരിച്ചു.

സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകികൊണ്ട് അർത്ഥവത്തായ രീതിയിൽ സുവിശേഷീകരണം എങ്ങനെ നടപ്പിലാക്കാം എന്ന വിഷയത്തെ ആസ്പദമാക്കി മദ്ധ്യപ്രദേശ് സ്റ്റേറ്റ് കോ-ഓർഡിനേറ്റർ ബ്രദർ. വിനയ ദാസ് ക്ലാസ്സുകൾക്ക് നേതൃത്വം കൊടുത്തു കൊണ്ട് ആധികാരികമായി സംസാരിച്ചു. തുടർന്ന് പ്രസ്തുത വിഷയത്തെപ്പറ്റി നടന്ന ചർച്ചയിൽ എല്ലാ മിഷൻ ഫീൽഡുകളിലും 'ഗുരുകുലം' എന്ന പേരിൽ സൗജന്യ വിദ്യാഭ്യാസ കേന്ദ്രങ്ങൾ മിഷണറിമാരുടെ നേതൃത്വത്തിൽ ആരംഭിക്കുവാൻ തീരുമാനിക്കുകയും സൗജന്യ തയ്യൽ പരിശീലന കേന്ദ്രങ്ങൾ മുതലായ സാമൂഹിക ക്ഷേമ പ്രവർത്തനങ്ങളും അനുയോജ്യമായ സ്ഥലങ്ങളിൽ ആരംഭിക്കുവാനും തീരുമാനമെടുക്കുകയുണ്ടായി.

ജി.എം.ഐ.യുടെ ദർശനങ്ങളെക്കുറിച്ചുള്ള വിശദമായ വിശകലനവും അവലോകനവും വെസ്റ്റ് ബംഗാൾ, നേപ്പാൾ, സിക്കിം എന്നിവിടങ്ങളിലെ ജി.എം. ഐ. മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ബ്രദർ ജി. ആൽബർട്ട് അവതരിപ്പിച്ചു.

മിഷൻ ഫീൽഡു കളിൽ സാധാരണയായി കണ്ടുവരുന്ന വിശ്വാസികളുടെ 'പിന്മാറ്റ' ത്തിന്റെ കാരണങ്ങളും പരിഹാര മാർഗ്ഗങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ചർച്ചയ്ക്ക് മദ്ധ്യപ്രദേശിലെ ഡിൻഡോരി, മാണ്ട്ല ജില്ലകളിലെ ജി.എം.ഐ. മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന പാസ്റ്റർ. മനു ലാൽ രാജ്ദിവാർ നേതൃത്വം നൽകി.

2011 - ജനുവരി മുതൽ ജി.എം.ഐ.യുടെ പ്രവർത്തനം വിപൂലികരിക്കുന്നതിന്റെ ഭാഗമായി എല്ലാ മിഷൻ സ്റ്റേഷനുകളിലും സൺഡേസ്ക്കൂൾ തുടങ്ങുന്നതിനുവേണ്ടിയുള്ള പരിപാടികൾ ആവിഷ്കരിക്കുകയുണ്ടായി. കൂടാതെ ദീർഘദൂര ട്രക്ക് ഡ്രൈവേഴ്സിനു വേണ്ടി രാജ്യത്തുടനീളം 'ക്രിസ്ത്യൻ ഡാബകൾ' തുടങ്ങുവാനും തീരുമാനിച്ചു.

പ്രാദേശിക തലങ്ങളിൽ മിഷണറിമാർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ കോ-ഓർഡിനേറ്റർമാർ സമ്മേളനത്തിൽ ഉന്നയിക്കുകയും അതിന് ആവശ്യമായ പരിഹാരങ്ങൾ നടപ്പിലാക്കാൻ ബന്ധപ്പെട്ടവരോട് നിർദ്ദേശിക്കുകയും ചെയ്തു. ഭാവി പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ നടപ്പിലാക്കുവാൻ ആവശ്യമായ കർമപരിപാടികളുടെ രൂപരേഖകൾ കോ-ഓർഡിനേറ്റർമാർ സമർപ്പിക്കുകയുണ്ടായി.

പ്രേക്ഷിത ദൗത്യ നിർവ്വഹണത്തിനായി പുത്തൻ ആശയങ്ങളും കാഴ്ചപ്പാട്കളും സുഗ്രഹമാക്കി പുതിയ സമർപ്പണത്തോടെ സർവ്വവും ക്രിസ്തുനാഥന്റെ തിരുപാദത്തിൽ സമർപ്പിച്ചുകൊണ്ട് മൂന്ന് നാൾ നീണ്ടു നിന്ന നേതൃത്വസംഗമത്തിന് സമാപനം കുറിച്ചു.



ക്രിസ്തീയ ആത്മീയത - 17

# വിവേചനരഹിത ആത്മീയത

## സ്ത്രീകൾ: ദൈവത്തിന്റെ വിമോചന പ്രക്രിയയിലെ പങ്കാളികൾ

ഡി.ജെ. അജിത്കുമാർ

**വി**വേചനരഹിത ആത്മീയതയാണ് ക്രിസ്തീയ ആത്മീയത (Spirituality of non-descrimination). ക്രിസ്തുയേശുവിൽ ഏവരും ഒരു പോലെയാണ്. യഹൂദനും, ഗ്രീക്കുകാരനും, പുരുഷനും, സ്ത്രീയും, യജമാനനും, അടിമയും (ഗലാ. 3: 28) ഏവരും. പുരുഷ മേധാവിത്വത്തിന്റെ കാലത്തും ബൈബിളിലെ ആത്മീയതയിൽ സ്ത്രീകൾക്ക് ഒരു നല്ല സ്ഥാനം നൽകുന്നതായി കാണുന്നു. സാറ, റിബേക്കാ, റാഹേൽ, ദബോറ, രൂത്ത്, എസ്ഥേർ എന്നിവർ പഴയനിയമത്തിലെ ചില ഉദാഹരണങ്ങൾ മാത്രമാണ്. പുതിയ നിയമത്തിലും ധാരാളം ഉദാഹരണങ്ങൾ നമുക്കു കാണാം.

ചരിത്രം എന്നും "അവന്റെ" ചരിത്രമായിരുന്നു; അതായതു പുരുഷന്റെ. എന്നാൽ പുതിയ നിയമത്തിൽ വംശാവലി എഴുതുന്നതു അവളുടെ കൂടെയായിട്ടാണ് (Her Story). അതു കൊണ്ടാണ് പിഴച്ച താമാറും. മോവാബ്യ സ്ത്രീയായ രൂത്തും, ഊരിയാവിന്റെ ഭാര്യയുമൊക്കെ മത്തായി -1 ൽ തന്നെ സ്ഥാനം പിടിച്ചത്.

അടിച്ചമർത്തപ്പെടുകയും, ഉപേക്ഷിക്കപ്പെടുകയും, ഉപദ്രവിക്കപ്പെടുകയും, ചൂഷണം ചെയ്യപ്പെടുകയും ചെയ്യുന്ന സ്ത്രിയോടു കൂടെ ഐക്യദാർഢ്യപ്പെടുന്ന ദൈവമാണ് പഴയനിയമ ദൈവശാസ്ത്രത്തിൽ നാം കാണുന്നത്. ഹാഗരിന്റെയും, ഹന്നയുടേയും, രൂത്തിന്റെയും,ലേയയുടേയുമൊക്കെ കഥകൾ അതാണ് സംസാരിക്കുന്നത്.

മനുഷ്യൻ ഏകനായിരിക്കുന്നതു നല്ലതല്ലെന്ന് കണ്ട ദൈവം മനുഷ്യന് തക്കതായ ഒരു തുണയെ ഉണ്ടാക്കി നൽകി (ഉല്പ. 2: 18). 'തുണ' എന്നതിന് 'AZER' എന്ന വാക്കാണ് മൂലഭാഷയായ എബ്രായയിൽ കൊടുത്തിരിക്കുന്നത്. 'സഹായി' എന്ന് ഇതിനർത്ഥം. ബൈബിളിൽ പലയിടത്തും ദൈവം-സഹായി അഥവാ സഹായം (സങ്കീ. 121) എന്നു കാണുന്നു. ഇവിടെയും ഉപയോഗിച്ചിരിക്കുന്ന വാക്ക് 'AZER'എന്നാണ്. പുരുഷന്റെ സഹായിയായിട്ട് ദൈവത്തിന്റെ ഒരു പ്രതിനിധിയായിട്ടു തന്നെയാണ് ദൈവം സ്ത്രീയെ ഭാര്യയായി പുരുഷന് കൊടുത്തിരിക്കുന്നത്. അതു കൊണ്ടാണ് പത്രോസ് പറയുന്നത് "അങ്ങനെ തന്നേ ഭർത്താക്കന്മാരേ, നിങ്ങളുടെ പ്രാർത്ഥനയ്ക്കു മുടക്കം വരാതിരിക്കേണ്ടതിന്നു വിവേകത്തോടെ ഭാര്യമാരോടു കൂടെ വസിച്ചു, സ്ത്രീജനം ബലഹീനപാത്രം എന്നും അവർ ജീവന്റെ കൃപയ്ക്കു കൂട്ടവകാശികൾ എന്നും ഓർത്ത് അവർക്കു ബഹുമാനം കൊടുപ്പിൻ" (1 പത്രോ. 3: 7). ഇവിടെ സ്ത്രീ ബലഹീന എന്ന അർത്ഥത്തിലല്ല സൂചിപ്പിക്കുന്നത്. 'Weaker Sector' എന്ന അർത്ഥത്തിലാണത്. ബലഹീന വിഭാഗം, സമൂഹത്തിൽ ചൂഷിത വിഭാഗം, മർദ്ദിത വിഭാഗം എന്നൊക്കെ അർത്ഥമാക്കാം. എന്നാൽ ഇവർ ജീവന്റെ കൃപയ്ക്കു കൂട്ടവകാശികൾ ആണ്. തുല്യ അവകാശികൾ. രണ്ടാംകിട പൗരന്മാരല്ല. അടിച്ചമർത്തപ്പെടേണ്ടവരല്ല. അതറിഞ്ഞ് ഭർത്താക്കന്മാർ ഭാര്യമാരെ 'ബഹുമാനിക്കണം' എന്നാണ് പത്രോസിന്റെ സന്ദേശം. കീഴടങ്ങിയിരിക്കണമെന്ന് പൗലോസ് പറയുന്നത് പരസ്പരം - അന്യോന്യം കീഴടങ്ങണമെന്നാണ് (എഫെ. 5: 21). ഭർത്താവ് ഭാര്യക്ക് കീഴടങ്ങണം. ഭാര്യ ഭർത്താവിനും കീഴടങ്ങണം. കാരണം രണ്ടുപേരും ദൈവത്തിന്റെ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടവരാണ് - ഒരേ സ്വരൂപത്തിൽ.

ദൈവം അനേകം സ്ത്രീകളെ തന്റെ വിമോചന പ്രക്രിയയിൽ ഉപയോഗിച്ചതായി നാം കാണുന്നു. യിസ്രായേൽ ജനങ്ങളിൽ ആൺകുട്ടികളെ അവരുടെ ജനനത്തിൽ തന്നെ കൊന്നുകളയുവാൻ ഫറവോൻ ചില നഴ്സുമാരെ ഏർപ്പാടു ചെയ്തതായി നാം കാണുന്നു. (പുറ. 1: 15-22) എന്നാൽ ശിപ്രാ, പൂവാ എന്ന രണ്ടു നഴ്സുമാർ രാജാവിന്റെ കല്പനയെക്കാൾ ദൈവത്തെ ഭയപ്പെട്ടു കുട്ടികളെ കൊല്ലാതെ രക്ഷപ്പെടുത്തിയതായി നാം കാണുന്നു. അതു കൊണ്ടു ജനം വർദ്ധിച്ചു ഏറ്റവും ബലപ്പെട്ടു (1:20). കുറെ കുട്ടികളെ മാത്രമല്ല, ഒരു വിമോചകനെ തന്നെ സൂക്ഷിക്കാൻ അവർക്കു കഴിഞ്ഞു. ഒരു ചെറിയ വിമോചന പ്രസ്ഥാനത്തെ ഉണ്ടാക്കാനല്ല, ലോക ചരിത്രത്തിലെ തന്നെ എല്ലാ വിമോചന പ്രസ്ഥാനങ്ങൾക്കും സ്ത്രീകൾ പങ്കാളികളായിത്തീരാൻ ഈ സംഭവം ഇടയാക്കി.

പുതിയ നിയമത്തിൽ യേശുവിനോടൊപ്പം ഒരു വലിയ കൂട്ടം സ്ത്രീകൾ ശുശ്രൂഷ ചെയ്തതായി നാം കാണുന്നു (ലൂക്കോ. 8: 1-13). സൗഖ്യം പ്രാപിച്ച സ്ത്രീകൾ, മഗ്ദലക്കാരത്തി മറിയ, ഹെരോദാവിന്റെ കാര്യവിചാരകനായ കൂസയുടെ ഭാര്യ യോഹന്ന, ശുശന്ന, അവരുടെ വസ്തുവകകൾ നൽകി ശുശ്രൂഷ ചെയ്യുന്ന പല സ്ത്രീകളും ആ ടീമിൽ ഉണ്ടായിരുന്നതായി നാം മനസിലാക്കുന്നു. അവരുടെ ഈ തരത്തിലെ ശുശ്രൂഷകൾ ഗുരു സ്വീകരിച്ചിരുന്നു. യേശുവിന്റെ ദൈവ രാജ്യപ്രസംഗത്തിലും പ്രവർത്തനത്തിലും അങ്ങനെ സ്ത്രീകളും പ്രധാന പങ്കാളികളായി തീർന്നു.

പൗലോസ് അപ്പോസ്തലനും പുതിയ നിയമ സഭയിലെ സ്ത്രീകളെ പ്രശംസിക്കുന്നത് വ്യക്തമാണ് (റോ. 16: 1-16). പ്രിസ്ക അഥവാ പ്രിസ്കില്ല, യൂനിയാവ്, യൂലിയ, നെരെയൂസിന്റെ സഹോദരി മറിയ, പെർസിസ്, റൂഫസിന്റെ അമ്മ, യുവോദ്യ, സുന്തുക (റോ. 16: 3, 7, 15; ഫിലി. 4: 2, 3) ഇങ്ങനെ അനേകർ. ഉയിർത്തെഴുന്നേറ്റ കർത്താവ് പ്രസംഗിക്കാൻ (പറയാൻ) ആദ്യം അയച്ചത് സ്ത്രീകളെയാണ് (മത്താ. 28: 5-7). ദൈവവേലയിൽ സ്ത്രീകളുടെ പങ്കാളിത്തം ഇന്നും തുടരുന്ന ഒരു അനുഗ്രഹീത ദൈവ പ്രവർത്തനമാണ്.

ദൈവവേലയ്ക്കായി പ്രാർത്ഥിക്കുന്നവർ, സാമ്പത്തികമായി സഹായിക്കുന്നവർ, വചനം പ്രസംഗിക്കാൻ കൂടെ നിന്ന് മറ്റു സഹായങ്ങൾ ചെയ്തു കൊടുക്കുന്നവർ, പ്രസംഗിക്കുന്നവർ, ദൈവവേലചെയ്യുന്ന ഭർത്താക്കന്മാരെ സഹായിക്കുന്നവർ ഇങ്ങനെ ഏതെല്ലാം രീതിയിൽ ആ വിമോചന പ്രക്രിയയിൽ ഇന്നും പങ്കാളികളായി തീരുന്നു.

ജി.എം.ഐയിലും ഈ അനുഭവം ഞങ്ങൾക്കുണ്ട്. ഓഫീസിലെ പ്രധാന ഭാഗങ്ങളിൽ പലതും ചെയ്യുന്നത് സ്ത്രീകളാണ്. എന്റെ ഭാര്യയും, അവരോട് ചേർന്ന് കുറെ സഹോദരിമാരും മിഷൻ അഡ്മിനിസ്ട്രേറ്റർ, സ്പോൺസേഴ്സ് കോ-ഓഡിനേറ്റർ, അക്കൗണ്ടന്റ് തുടങ്ങിയ പ്രധാന ജോലികൾ നിർവ്വഹിക്കുന്നു. ആത്മാർത്ഥതയോടെ. വിശ്വസ്തയോടെ. അംഗീകാരങ്ങൾ ഒന്നും മറ്റുള്ളവരിൽ നിന്നും സ്ത്രീകൾക്കു പലപ്പോഴും ലഭിക്കാറില്ല. എന്നാലും ക്രിസ്തുവിനോടുള്ള ഭക്തി കൊണ്ട് അവർ പ്രവർത്തിക്കുന്നു.

ഇന്ത്യയിൽ സ്ത്രീകൾ പൊതുവെ പലരീതികളിൽ അടിച്ചമർത്തപ്പെട്ട സമൂഹമായിരുന്നു. സതി, ജൗഹർ, പർദ, ദേവദാസി, മേൽ മുണ്ട് നിരോധനം തുടങ്ങിയവയെല്ലാം സ്ത്രീകൾക്കെതിരെയുള്ള ചില സാമൂഹിക തിന്മകളുടെ ഉദാഹരണങ്ങൾ മാത്രം. എന്നാൽ ഈ അവസ്ഥകൾക്കെല്ലാം മാറ്റങ്ങൾ വരാൻ തുടങ്ങി.

വിമോചനത്തിന്റെ കാഹളവുമായി ഇന്ത്യയിൽ ദൈവം സ്ത്രീകളെ തന്നെ ഉപയോഗിച്ചു. 1819 ൽ നാഗർകോവിലിൽ ചാൾസ് മീഡ് എന്ന മിഷണറി വനിത ഡത്തി സ്കൂൾ സ്ഥാപിച്ചു. 1820 ൽ ശ്രീമതി. നോർട്ടൻ ആലപ്പുഴയിലും, 1822 ൽ ശ്രീമതി. ബെയ്ലി കോട്ടയ്ക്കലിലും സ്കൂളുകൾ തുടങ്ങി. 1867 ൽ തിരുവനന്തപുരം കോട്ടയ്ക്കകത്തു ദിവാൻ മാധവറാവു വിട്ടു കൊടുത്ത കൊട്ടാരത്തിൽ ശ്രീമതി. ബ്ലാന്റ് ഫോർഡ് ഹൈന്ദവ പെൺകുട്ടികൾക്കായി സ്കൂൾ തുടങ്ങി. 1810 ൽ ശ്രീമതി. ഇസബല്ല തോബോൺ എന്ന അമേരിക്കൻ മിഷണറി വനിത ഉത്തർ പ്രദേശിൽ ലക്നൗവിൽ സ്കൂൾ തുടങ്ങി. 1818 ൽ ബോംബെയിൽ ശ്രീമതി. വിൽസൺ, സെറാംപൂറിൽ ശ്രീമതി. മാർഷ്മാൻ എന്നിവർ വിദ്യാലയങ്ങൾ ആരംഭിച്ചു. 1822 ൽ ശ്രീമതി. മോൾട്ട്, ശ്രീമതി. മീഡ് എന്നീ മിഷണറി വനിതകൾ കുറിയ കൈകൾ ഉള്ള ഒരു തരം ജാക്കറ്റുകൾ തുന്നി ആദ്യമായി തെക്കൻ തിരുവിതാംകൂറിലെ താണ ജാതിയിലെ സ്ത്രീകളെ ധരിപ്പിച്ച് മാറു മറച്ചു. മേൽമുണ്ട് കലാപം പൊട്ടി പുറപ്പെട്ടു. ക്രമേണ ഈ പ്രദേശങ്ങളിലെ താണ ജാതിയിലെ സ്ത്രീകൾക്കും മാറ് മറയ്ക്കാനുള്ള സ്വാതന്ത്ര്യം ലഭിച്ചു.

ഇന്ത്യയിലെ ആദ്യ മിഷണറി ഡോക്ടർ ആയിരുന്ന ഡോ. ജോൺ സ്കഡ്ഡർ (1836) ന്റെ കൊച്ചുമകൾ ഡോ. ഐഡാ സ്കഡ്ഡർ ഇന്ത്യ സന്ദർശിച്ചു (1890). ഇവിടുത്തെ പാവപ്പെട്ട സ്ത്രീകളുടെ ദാരുണ അവസ്ഥ കണ്ട് തിരിച്ചു പോയി വൈദ്യശാസ്ത്രം പഠിച്ച് തിരികെ ഒരു മിഷണറി ഡോക്ടർ ആയിട്ട് വന്നു. 1900 ൽ ഒരു കിടക്കയുള്ള ഒരു ചെറിയ ആശുപത്രി സ്ഥാപിച്ചു. 1902 ൽ അതു 40 കിടക്കകൾ ഉള്ള ആശുപത്രിയായി ഉയർന്നു. ഇന്ന് ഇന്ത്യയിലെ പേരുകേട്ട 1800 ൽ അധികം കിടക്കകളുള്ള ആശുപത്രിയായി (വെല്ലൂർ ആശുപത്രി) ഉയർന്നു. ഇതിന്റെയെല്ലാം പിന്നിൽ പ്രവർത്തിച്ചത് സ്ത്രീകൾ ആണ്.

ദൈവീക ദൗത്യത്തിന്റെ പങ്കാളികളായി ദൈവം അവരെ ഉപയോഗിച്ചു. ഈ ത്യാഗോജ്ജ്വലമായ പ്രവർത്തനങ്ങൾ കൊണ്ട് എന്താണ് സംഭവിച്ചത്. ഭാരതത്തിൽ വലിയ സാമൂഹീക പരിണാമം ഉണ്ടായി. 1966 ൽ ഒരു വനിത പ്രധാന മന്ത്രിയായി (ഇന്ദിരാഗാന്ധി). 1972 ൽ ഒരു ഐ.പി.എസ് കാരിയുണ്ടായി (കിരൺ ബേദി). 1989 ൽ സുപ്രീം കോടതിയിൽ ജസ്റ്റീസുണ്ടായി (ജസ്റ്റീസ്. എം. ഫാത്തിമാ ബീവി). 1997 ൽ ബഹിരാകാശ സഞ്ചാരിയുണ്ടായി (കല്പനാ ചൗള), 2007 ൽ പ്രസിഡന്റുണ്ടായി (പ്രതിഭാ പട്ടീൽ), 2009 ൽ ലോക സഭാ സ്പീക്കർ ഉണ്ടായി (മീരാ കുമാർ), 2010 ൽ തദ്ദേശസ്വയം ഭരണത്തിൽ 50 ശതമാനം സ്ത്രീ ശക്തിയുണ്ടായി.

"ഒരു രാജ്യത്തിലെ സ്ത്രീകളുടെ പദവി കണ്ടിട്ട് ആ രാജ്യത്തിന്റെ അവസ്ഥ പറയാൻ കഴിയും" എന്നാണ് നെഹ്റു പറഞ്ഞത്. ശ്രദ്ധിച്ച് വിലയിരുത്തുകയാണെങ്കിൽ ഇന്നും സ്ത്രീകൾക്ക് ഒരു യഥാർത്ഥ വിമോ

(ശേഷം. 4-ാം പേജ്)

**അടിച്ചമർത്തപ്പെടുകയും, ഉപേക്ഷിക്കപ്പെടുകയും, ഉപദ്രവിക്കപ്പെടുകയും, ചൂഷണം ചെയ്യപ്പെടുകയും ചെയ്യുന്ന സ്ത്രീയോടു കൂടെ ഐക്യദാർഢ്യപ്പെടുന്ന ദൈവമാണ് പഴയനിയമ ദൈവശാസ്ത്രത്തിൽ നാം കാണുന്നത്. ഹാഗരിന്റെയും, ഹന്നയുടേയും, രൂത്തിന്റെയും,ലേയയുടേയുമൊക്കെ കഥകൾ അതാണ് സംസാരിക്കുന്നത്**

# അതുല്യമായ ദൈവസ്നേഹത്തിന്റെ പ്രകാശനത്തോടെ മദ്ധ്യപ്രദേശിലെ ഗ്രാമങ്ങൾ

സ്വന്തം ലേഖകൻ

മദ്ധ്യപ്രദേശിലെ സിയോനി, മാണ്ഡ്ല, ഡിൻഡോരി എന്നീ ജില്ലകളിൽ ജി.എം.ഐ. മിഷണറിമാർ നടത്തുന്ന ആത്മാർത്ഥമായ സുവിശേഷീകരണ പ്രവർത്തനങ്ങൾ ഗ്രാമീണ ജനതയെ യേശുകർത്താവിങ്കലേക്ക് അടുപ്പിച്ചു കൊണ്ടിരിക്കുന്നു. ഗ്രാമങ്ങളിൽ കടന്നുപോയി ഭവനങ്ങൾ സന്ദർശിച്ച് സുവിശേഷം അറിയിക്കുവാനും ലഘുലേഖകളും സുവിശേഷ പ്രതികളും വിതരണം ചെയ്യുവാനും ശ്രദ്ധാലുക്കളായ പ്രിയ സഹോദരങ്ങൾ പരസ്യയോഗങ്ങൾ ക്രമീകരിച്ച് ദൈവവചനം പ്രഘോഷിക്കുന്നതിനും ഉത്സുകരാണ്. സിയോനി ജില്ലയിലെ ഛപ്പാറാ മിഷൻ സ്റ്റേഷനിൽ 30 ഗ്രാമങ്ങളിലായി 400 പേർ വിവിധ കൂട്ടായ്മകളിൽ സംബന്ധിച്ചുവരുന്നു. ഇതിൽ 101 പേർ ജലസ്നാനം സ്വീകരിച്ചവരാണ്. സഹോ. വിനയദാസും സഹോ. മനുലാലുമാണ് മദ്ധ്യപ്രദേശിലെ ജി.എം.ഐ. മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്.

സിനോനി ജില്ലയിലെ ഛാപ്പാറാ, ഭൗർഗഡ്, ബാമൻവാഡ, പൗഡി രാംഘട്ട്, തുലഫ് ദിഹ്രായി, ഖരിടോല ബന്ദരീയ, പിപ്പരിയ എന്നീ ഗ്രാമങ്ങളിൽ പ്രവർത്തിച്ചു വരുന്ന സഹോ. രാംകൃഷ്ണ ഗോഗെയുടെ പ്രവർത്തനങ്ങൾ അനേകരെ സ്വർഗ്ഗരാജ്യത്തിനായി ആദായപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഭൗർഗഡ് ഗ്രാമത്തിലെ അമീർചന്ദ്; സന്ത്രാം, ബന്ദരിയ ഗ്രാമത്തിലെ അശോക് കുമാർ, ശാരദാപ്രസദ്, ഉദം മാനസാ, പുഷ്പ; ഖരിടോലയിലെ രാജേശ്വരി എന്നി വ്യക്തികൾ സഹോ. രാം കൃഷ്ണ ഗോംഗെയുടെ ശുശ്രൂഷയിലൂടെ രക്ഷയുടെ അനുഭവത്തിലേക്ക് കടന്നുവന്നു. ധുന്ദ്ധലാ ഗ്രാമത്തിലെ കമർലാൽ എന്ന വ്യക്തിയ്ക്ക് ശാരീരിക വേദനയിൽ നിന്നും പ്രാർത്ഥനയിലൂടെ അത്ഭുതസൗഖ്യം ലഭിച്ചു. പൗഡി ഗ്രാമത്തിലെ മൈനാബായി എന്ന സഹോദരി ഒന്നരവർഷമായി തളർവാതം ബാധിച്ച് കിടപ്പിലായിരുന്നു. ഹൈന്ദവമത വിശ്വാസിയായിരുന്ന തന്നോട് സഹോ. രാംകൃഷ്ണ ഗോംഗെ സൗഖ്യദായകനായ ക്രിസ്തുവിനെക്കുറിച്ച് പറയുകയും സൗഖ്യത്തിനായി പ്രാർത്ഥിക്കുകയും ചെയ്തു. ആ സഹോദരി കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുകയും തന്റെ അവസ്ഥയ്ക്ക് അതു മുഖാന്തിരം ഭേദം ഉണ്ടാകാനിടയാകുകയും ചെയ്തു.

സഹോ. ബോലാറാം ഗുണായ് സിയോനിജില്ലയിലെ വിവിധ ഗ്രാമങ്ങളിലായി 4 ഹൗസ് ചർച്ചുകളി ലും 3 പ്രെയർസെല്ലുകളിലും കൂട്ടായ്മകൾക്ക് നേതൃത്വം കൊടുക്കുന്നു. ഛപ്പാറാ, ഗോരഖ്പൂർ, ഗുണായ്, സേമർതാൽ, ബർബസ്പൂർ, ഖേനുനാര, ഭൗർഗഡ് എന്നീ ഗ്രാമങ്ങളിലായി നടത്തി വരുന്ന തന്റെ പ്രവർത്തനങ്ങളിലൂടെ ഖേനുനാരയിലെ കമൽസിംഗ്, സുന്മബായി ഭൗർഗഡിലെ മീനാബായി എന്നീ വ്യക്തികൾ കർത്താവായ യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിക്കുവാനിടയായിത്തീർന്നു.

ഭവനങ്ങളിൽ പ്രാർത്ഥന കൂട്ടായ്മകൾ ക്രമീകരിച്ച് വിവിധ വിഷയങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനും പരസ്യയോഗങ്ങൾ ക്രമീകരിച്ച് ദൈവവചനം പ്രഘോഷിക്കുന്നതിനും ഉത്സുകനായ സഹോ. ദേവസിംഗ് ബലാവിയുടെ പ്രവർത്തനങ്ങൾ ഗണേഷ്, സ്വരുപ്പവതി, നിധി, ഫൂൽകലി, ടിക്കുറാം, ബൽറാം, ശിവകുമാരി, ബറപത്‌ലാൽ, ശ്യാംലാൽ, ശിലാവതി, ഫൂൽചന്ദ്, ജ്ഞാനചന്ദ്ര, ജ്ഞാനിലാൽ എന്നീ വ്യക്തികളുടെ രക്ഷാനിർണ്ണയത്തിനു ഹേതുവായി ഭവിച്ചു. മുകേഷ് ധനശ്യാം, വൈജെയന്തി, അമീർചന്ദ്, രൂപാരാജേശ്വരി വിനോദ് പ്രസാദ്, അമിർപ്രസദ്, വൈജെയന്തി, രാജ്കുമാരി, ജിനേന്ദ്ര, ധനശ്യാം, സമർവതി, അമീർ ചന്ദ് എന്നീ വ്യക്തികൾ ജലസ്നാന മേൽക്കുവാനും കർത്താവ് സഹായിച്ചു.

മാണ്ട്ല ജില്ലയിലെ മുകാഷ്ഖുർദ് ഗ്രാമം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സഹോ. സഹ്പത് സിംഗ് മാർക്കം പണ്ഡിത്തരായി ഗ്രാമത്തിലെ തളർവാതം പിടിച്ച് കിടപ്പലായിരുന്ന ജഗത് സിംഗ് എന്ന വ്യക്തിയ്ക്കു വേണ്ടി പ്രാർത്ഥിച്ചു. ആ കുടുംബംഗങ്ങളെല്ലാവരും തന്നെ കർത്താവായ യേശുക്രിസ്തുവിനെ സ്വന്തരക്ഷി താവായി സ്വീകരിക്കുകയും വിശ്വാസത്തോടെ സൗഖ്യത്തിനായി ദൈവത്തോട് അപേക്ഷിക്കുകയും ചെയ്തു. ആ സഹോദരൻ ക്രമേണ വിടുതൽ പ്രാപിച്ചു വരുന്നു. മഹരാസിബിയിലെ കിഷൻ എന്ന വ്യക്തിയും കുടുംബവും സഹോ. സഹ്പത് സിംഗ് മാർക്കത്തിന്റെ ശുശ്രൂഷയിലൂടെ വിശ്വാസത്തിലേക്ക് കടന്നുവന്നു.

സഹോദരൻ ജിയലാൽ മരാവി ലാൽപൂർ, ടുമർടോല, കക്രാത്തൽവാ, പിൻട്രുഖി, കുക്കരിയ, സിംഗർ സാഥി തുടങ്ങിയ ഗ്രാമങ്ങളിലെ ഭവനങ്ങൾ സന്ദർശിച്ച് സുവിശേഷം അറിയിക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്തു വരു ന്നു. 7 ഹൗസ് ചർച്ചുകളും 7 പ്രെയർസെല്ലുകളും സൺഡേസ്ക്കൂളുകളും സുഗമമായി പ്രവർത്തിക്കുന്നു. ഇന്ദർലാൽ എന്ന വ്യക്തിയ്ക്ക് ഉദര സംബന്ധമായ രോഗത്തിൽ നിന്നും പ്രാർത്ഥനയിലൂടെ വിടുതൽ ലഭിച്ചു. തന്റെ പത്നി രണ്ടുമാസമായ കഠിനമായ തലവേദനയാൽ ഭാരപ്പെട്ടുവെങ്കിലും ടുമർടോലയിൽ നടത്തപ്പെടുന്ന കൂട്ടായ്മയിൽ കടന്നുവന്ന് ആരാധനയിൽ പങ്കെടുത്ത് പ്രാർത്ഥിച്ചപ്പോൾ പൂർണ്ണസൗഖ്യം ലഭിച്ചു.

സഹോ. ഗ്രേഷ്കുമാർ മാർക്കം ഭവനങ്ങളിൽ പ്രാർത്ഥനാകൂട്ടായ്മകൾ ക്രമീകരിച്ച് വിവിധ വിഷയങ്ങൾക്കു വേണ്ടി പ്രാർത്ഥിച്ചതു മുഖാന്തിരം പല അത്ഭുത വിടുതലുകളും സംഭവിക്കുവാനിടയായിത്തീർന്നു. അപ്രകാരം ക്രമീകരിക്കപ്പെട്ട ഒരു പ്രാർത്ഥനായോഗത്തിൽ വച്ച് മാനസികരോഗബാധിതയായിരുന്ന സരോജിനി ബായി ധ്രുബേ എന്ന സഹോദരിയ്ക്കു വേണ്ടി പ്രിയ സഹോദരൻ പ്രാർത്ഥിക്കുകയും 5 ദിവസങ്ങൾക്കു ശേഷം വ്യക്തമായ വിടുതൽ അനുഭവപ്പെടാൻ തുടങ്ങുകയും ചെയ്ത ആ സഹോദരി ഇപ്പോൾ സൗഖ്യത്തോടെ സ്ഥിരമായി കൂട്ടായ്മക ളിൽ പങ്കെടുക്കുന്നു.

സഹോ. ദീപക്സിംഗ് മരാവിയുടെ ശുശ്രൂഷയി ലൂടെ ദേവരി ഗ്രാമത്തിലെ മനോജ് കുമാർ, വിചാർപൂർ ഗ്രാമത്തിലെ ദേവാലാൽ, ഖരിടോലായിലെ ജഗർ സിംഗ് എന്നീ വ്യക്തികൾ യേശുവിനെ രക്ഷകനും നാഥനുമായി സ്വീകരിച്ചു. മൂന്നുപേർക്കും പ്രാർത്ഥനയിലൂടെ വിവിധ രോഗങ്ങളി ൽ നിന്നും ലഭിച്ച അത്ഭുത സൗഖ്യമാണ് അവരുടെ രക്ഷാനിർണ്ണയത്തിനും ഹേതുവായി ഭവിച്ചത്. ഡിൻഡോരി ജില്ലയിലെ ബഹേരാടോല, മിഗഡി, ബരാടോല, ടേവരി, പട്രിയ, മുട്ക്കി എന്നീ ഗ്രാമങ്ങളിലാണ് സഹോ. ദീപക് സിംഗ് മരാവി പ്രവർത്തിക്കുന്നത്.

പ്രിയ സഹോദരന്മാരിലൂടെ ദൈവം ചെയ്യുന്ന വൻകാര്യങ്ങൾക്കായി നമുക്ക് ദൈവത്തെ സ്തുതിക്കാം. അന്ധകാരത്തിലിരിക്കുന്ന അനേകർക്ക് അതുല്യമായ ദൈവസ്നേഹത്തിന്റെ പ്രകാശനമായിത്തീരുവാൻ ദൈവകരങ്ങളിൽ അവരെല്ലാവരും തന്നെ ഇനിയും അധികമായി ഉപയോഗിക്കപ്പെടുവാനായി പ്രാർത്ഥിച്ചീടാം.

---

3-ാം പേജിന്റെ തുടർച്ച...

ചനം ഇന്ത്യയിൽ ആവശ്യമാണെന്ന് മനസിലാകും. ഭാരതത്തിലെ പല ഹൈന്ദവ ദേവിമാർക്കും 'അമ്മ'യെന്നു പേരുണ്ടെങ്കിലും പലരുടേയും കുടുംബ ബന്ധങ്ങളിലേക്കു പോകുമ്പോൾ യാഥാർത്ഥ്യം വ്യത്യസ്തമായി നമുക്കു മനസ്സിലാകും.

"ഭാരതത്തിലെ സ്ത്രീകൾ അവരുടെ വീടുകളെക്കാൾ തെരുവുകളിൽ സുരക്ഷിതരാണെന്ന് ഒരു സാമൂഹിക ശാസ്ത്രജ്ഞൻ പറഞ്ഞിട്ടുണ്ട്. 2001 നെ 'സ്ത്രീ ശാക്തീകരണ വർഷമായി' ഇന്ത്യ കണ്ടു. 'സ്വശക്തി, 'സ്ത്രീ ശക്തി', 'സ്വയം സിദ്ധ', 'ബാലിക സമൃദ്ധിയോജന' തുടങ്ങി പല പ്രോഗ്രാമുകളും കേന്ദ്ര സർക്കാർ സ്ത്രീ ശക്തീകരണത്തിനായി പരിചയപ്പെടുത്തി. എന്നാൽ യാഥാർത്ഥ്യങ്ങളിലേക്കു നോക്കിയാൽ ഇന്നും ഒരു വിമോചനം സ്ത്രീകൾക്കു വേണമെന്നു നമുക്കു മനസിലാകും. പണിയെടുക്കുന്നതിൽ ലോകത്തിൽ 67 ശതമാനം സ്ത്രീകളാണെങ്കിലും വരുമാനമുള്ളത് 10 ശതമാനം പേർക്കു മാത്രമേ ഉള്ളു. സ്വന്തമായി വസ്തുവകകൾ ഉള്ളത് 1 ശതമാനം പേർക്കു മാത്രമാണ്. ലോകത്തിൽ ആഹാര സാധനങ്ങൾ ഉണ്ടാക്കുന്നതിൽ 60 – 80 ശതമാനം സ്ത്രീകളാണ്. സ്കൂളിൽ പോകാത്തതിൽ 60 ശതമാനവും പെൺകുട്ടികൾ ആണ്. അക്ഷരമറിയാത്തവർ 67 ശതമാനവും സ്ത്രീകൾ ആണ്. ദിനംപ്രതി 300 സ്ത്രീകൾ പ്രസവസംബന്ധമായ കാരണങ്ങളാൽ ഇന്ത്യയിൽ മരിക്കുന്നു. ഓരോ ദിവസവും ഇന്ത്യയിൽ 45 സ്ത്രീകൾ ബലാൽസംഗത്തിന് ഇരയാകുന്നു. ഓരോ 32 മിനിറ്റിലും ഒരു സ്ത്രീ വീതം, ഓരോ ദിവസവും 121 സ്ത്രീകൾ ലൈംഗീക പീഢനത്തിനിരയാകുന്നു. ഓരോ 12 മിനിറ്റിലും 1 സ്ത്രീ വീതം. സ്ത്രീധനം, ഗാർഹീക പീഢനം, കുട്ടികളുടെ പീഢനം തുടങ്ങിയവയിലൂടെ ഓരോ 3.5 മിനിറ്റിലും ഓരോ കുറ്റകൃത്യങ്ങൾ സ്ത്രീക്കെതിരെ ഇന്ത്യയിൽ നടക്കുന്നു.

സ്ത്രീ ദൈവത്താൽ ശപിക്കപ്പെട്ടുവെന്നും സ്ത്രീയിലൂടെ ശാപം ഭൂമിയിലേക്കു വന്നുവെന്നും സ്ത്രീയുടെ അനുസരണക്കേടാണ് (പാപം) ഇതിനെല്ലാം കാരണമെന്നുമൊക്കെയുള്ള ചിന്തകൾ ഉണ്ട്. എന്നാൽ അതേ സമയം തന്നെ ഒരു സ്ത്രീയിലൂടെ ദൈവം ഈ ഭൂമിയെ വീണ്ടും സന്ദർശിച്ചുവെന്നും, അനുഗ്രഹിച്ചുവെന്നും തന്റെ പുത്രനെ ഭൂമിയിലേക്ക് അയച്ചുവെന്നും, ലോകത്തെ സ്നേഹിച്ച് രക്ഷിച്ചുവെന്നും നാം മറക്കരുത് (ലൂ. 1: 28, 30). സ്ത്രീക്ക് ഗർഭം നൽകി ദൈവം ശപിച്ചു എന്നു പറയുമ്പോൾ തന്നെ; ഒരു സ്ത്രീയുടെ (മറിയ) ഗർഭഫലത്തിലൂടെ (യേശു) ഈ ലോകം മുഴുവൻ അനുഗ്രഹിക്കപ്പെടുവാനുള്ള വഴിയും ദൈവം ഒരുക്കിയെന്നും നാം വിസ്മരിച്ചു കൂടാ.

യേശുവിലൂടെ എല്ലാ സ്ത്രീകളുടെയും ഗർഭപാത്രത്തെ ദൈവം അനുഗ്രഹിച്ചു. പുത്രൻ മുഖാന്തിരം എല്ലാവർക്കും കൃപ വന്നിരിക്കുന്നു. രക്ഷാകരമായ ദൈവ കൃപ ഉദിച്ചിരിക്കുന്നു (യോ. 11: 15, 16; തിമ. 2: 11). ലോകത്തിന്റെ മുഴുവൻ വിമോചനത്തിന് കാരണമായ യേശുക്രിസ്തുവിന്റെ അവതാരത്തിന് സ്ത്രീ പങ്കാളിയായി തീർന്നു.

സ്ത്രീകളിലൂടെയുള്ള ദൈവീക പ്രവർത്തിയെ നമുക്കു സ്വീകരിക്കാം. അവരെ അംഗീകരിക്കാൻ, ബഹുമാനിക്കാൻ, അവസരങ്ങൾ നൽകാൻ, ശ്രമിക്കാം. ദൈവം അവരെ ഉപയോഗിച്ചിട്ടുള്ളതിനാലും ഇപ്പോഴും ഉപയോഗിക്കുന്നതിനാലും നമുക്കു സ്തോത്രം ചെയ്യാം. നമ്മുടെ യുവതലമുറകളേയും ദൈവത്തിന്റെ വിമോചന പ്രക്രിയയുടെ പങ്കാളികളായി സമർപ്പിക്കാം.

ആമേൻ

# ബൈബിൾ പഠനക്വിസ്–73

ഡോ. റ്റി.സി. കിഷോർ മോഹൻ

**വ്യ**ക്തമായ ചില ലക്ഷ്യങ്ങളോടെ തന്നെയാണ് എസ്രാ എന്ന പുരോഹിതൻ ദിനവൃത്താന്തം രണ്ടാം പുസ്തകം രചിച്ചിരിക്കുന്നത്. ദൈവഹിതത്തിനു വിരോധമായി പ്രവർത്തിക്കുന്ന രാജാക്കന്മാർക്ക് വന്നുഭവിച്ചേക്കാവുന്ന ന്യായവിധിയെ ക്കുറിച്ച് ദൈവജനത്തെ ബോധവാന്മാരാക്കി പരമാവധി ദൈവസന്നിധിയിലേക്ക് അടുപ്പിക്കുക എന്നതാണ് മുഖ്യലക്ഷ്യം. യെഹുദാ രാഷ്ട്രം ഭരിച്ചിരുന്ന നീതിമാന്മാരായ ഭരണകർത്താക്കളെയും അവരുടെ ഭരണത്തിലെ ആത്മീയ നവോത്ഥാനത്തെയും ഉയർത്തിക്കാട്ടുന്നതിനോടൊപ്പം നീതികെട്ട രാജാക്കന്മാരുടെ ദുഷ്പ്രവൃത്തികളെ ജനമദ്ധ്യത്തിൽ തുറന്നു കാട്ടാനും അദ്ദേഹം മടി കാണിച്ചില്ല. എന്നാൽ വടക്കൻ രാഷ്ട്രമായ യിസ്രായേലിന്റെ ചരിത്രം പാടേ അവഗണിച്ചു എന്ന പ്രത്യേകതയും ഈ ഗ്രന്ഥത്തിനുണ്ട്. അധാർമ്മികതയിലും വിഗ്രഹാരാധനയിലും മുഴുകി ജീവിച്ച ഒരു ജനതയുടെ ചരിത്രം രേഖപ്പെടുത്താൻ വിട്ടുപോയതിൽ തെല്ലും അതിശയോക്തിയില്ല. അതേ സമയം വിശുദ്ധനും നീതിമാനുമായ ദൈവത്തിന് ഒരു ആലയം പണിയണം എന്ന ആഗ്രഹത്തോടെ മടങ്ങിവന്ന യെഹുദാ രാഷ്ട്രത്തിലെ ജനസമൂഹത്തിന് ആത്മവീര്യം പകർന്നു നൽകുവാനാണ് ഗ്രന്ഥകർത്താവ് ഇവിടെ ശ്രമിച്ചിരിക്കുന്നത്. പ്രഗത്ഭനും പ്രതിഭാശാലിയും തികഞ്ഞ ദൈവ ഭക്തനുമായ ദാവീദു രാജാവിനെക്കുറിച്ചും, അദ്ദേഹത്തിന്റെ പിൻതുടർച്ചക്കാരായ എട്ടു രാജാക്കന്മാരുടെ ഭരണ നേട്ടത്തെക്കുറിച്ചും വളരെ വിശദമായി ഈ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നു. ഒന്നും രണ്ടും രാജാക്കന്മാരുടെ പുസ്തകങ്ങളിൽ വിവരിച്ചിരിക്കുന്ന സംഭവങ്ങൾ, ചരിത്രമുഹൂർത്തങ്ങൾ എന്നിവ ആവർത്തന വിരസത കൂടാതെ തന്റെ വ്യത്യസ്തമായ ആഖ്യാന ശൈലികൊണ്ട് ഗ്രന്ഥകാരൻ ഈ പുസ്തകത്തെ ധന്യമാക്കിയിരിക്കുന്നു. പുരോഹിതനായതുകൊണ്ടാവാം യേരുശലേം ദേവാലയത്തിലെ ആരാധനകൾക്കും മറ്റും പ്രാമുഖ്യം കല്പിച്ചിരിക്കുന്നത്.

ഈ പുസ്തത്തിൽ ദർശിക്കാവുന്ന മറ്റൊരു സവിശേഷത യെരുശലേം "ദേവാലയത്തെക്കാൾ വലിയവൻ ഇവിടെയുണ്ട്" എന്ന് ഒരിക്കൽ കർത്താവ് പറഞ്ഞു (മത്തായി 12: 6). മറ്റൊവസരത്തിൽ തന്റെ ശരീരത്തെയും ദൈവാലയത്തോട് ഉപമിച്ചിട്ടുണ്ട്. ‘‘ഈ മന്ദിരം പൊളിക്കുവിൻ, ഞാൻ മൂന്നു ദിവസം കൊണ്ട് അതിനെ പണിയും’’ (യോഹ. 2:19). എന്നാൽ വെളിപ്പാടു പുസ്തകത്തിൽ ക്രിസ്തു സ്വയം ദൈവാലയ സ്ഥാനീയനായി തീരുന്നതായും നാം വായിക്കുന്നു. ‘‘മന്ദിരം അതിൽ കണ്ടില്ല. സർവശക്തിയുള്ള ദൈവമായ കർത്താവും കുഞ്ഞാടും അതിന്റെ മന്ദിരം ആകുന്നു (വെളി. 21: 22).

ദാവീദിന്റെ മരണശേഷം രാജാവാക്കപ്പെട്ട ശലോമോന്റെ സമ്പൂർണ്ണ ചരിത്രമാണ് 2 ദിനവൃത്താന്തത്തിലെ 1 മുതൽ 9 വരെയുള്ള അദ്ധ്യായങ്ങളിൽ വിവരിച്ചിരിക്കുന്നത്. ജ്ഞാനികളിൽ ജ്ഞാനിയും പ്രഗത്ഭനായ ഒരു ഭരണാധികാരിയുമായിരുന്ന ശലോമോന്റ പ്രത്യേകത ഈ ലോകം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും സമ്പന്നനും ആയിരുന്നു എന്നതാണ്. കടൽക്കരയിലെ മണൽത്തരിപോലെ എണ്ണമറ്റ ജനസഞ്ചയത്തിന്റെ ഭരണസാരഥ്യം ഏറ്റെടുത്ത ശലോമോൻ ദൈവത്തോട് ആവശ്യപ്പെട്ടത് ഒന്നുമാത്രം. "ആകയാൽ ഈ ജനത്തിനു നായകനായിരിക്കേണ്ടതിന് എനിക്കു ജ്ഞാനവും വിവേകവും തരേണമേ" എന്നല്ലാതെ മറ്റൊന്നും ആവശ്യപ്പെടാത്ത ശലോമോന് പില്ക്കാലത്ത് മറ്റൊരു രാജാവിനും ലഭിച്ചിട്ടില്ലാത്ത അധിക സമ്പത്തും, ധനവും, മാനവും നൽകി അനുഗ്രഹിച്ചതായി നാം ഈ പുസ്തകത്തിൽ വായിക്കുന്നു. ശലോമോന്റെ ഭരണകാലം ഐശ്വര്യത്തിന്റെയും സമാധാനത്തിന്റെയും ദൈവാരാധനയുടെയും ഒരു സുവർണ്ണ കാലഘട്ടമായിരുന്നു. യെഹൂദാ രാജ്യത്തെ പ്രശസ്തിയുടെ പരമോന്നതിയിൽ എത്തിക്കാൻ സാധിച്ചു എന്നത് ശലോമോൻ കൈവരിച്ച നേട്ടങ്ങളിൽ ഏറ്റവും വലുത് എന്നതിൽ സംശയമില്ല.

ദിനവൃത്താന്തം രണ്ടാം പുസ്തകത്തിന്റെ 1 മുതൽ 16 വരെയുള്ള അദ്ധ്യായങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന സംഭവങ്ങളെ ആധാരമാ ക്കിയാണ് ഈ ലക്കത്തിലെ ക്വിസ് തയ്യാറാക്കിയിരിക്കുന്നത്. ഈ ഭാഗങ്ങളിലെ ഓരോ വാക്യങ്ങളും ശ്രദ്ധാപൂർവ്വം വായിച്ച് താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം കണ്ടുപിടിച്ചെഴുതുക.

## ചോദ്യങ്ങൾ

1. യഹോവയ്ക്കു ഒരു ആലയം പണിയാൻ ശലോമോൻ മറ്റൊരു രാജാവിനോട് സഹായം അഭ്യർത്ഥിച്ചു. ആരാണ് ആ രാജാവ് ?
2. യിസ്രായേൽ ദേശത്തു പാർത്തിരുന്ന അന്യജാതിക്കാർ ആകെ എത്ര ?
3. ദൈവാലയം നിർമ്മിച്ച പർവ്വതത്തിന്റെ പേര്?
4. അതിവിശുദ്ധ മന്ദിരത്തിന്റെ ഇടത്തും വലത്തും സ്ഥാപിച്ചിരിക്കുന്ന സ്തംഭങ്ങളുടെ പേരെന്ത് ?
5. യാഗപീഠം നിർമ്മിച്ചിരിക്കുന്ന വസ്തു ?
6. ഏതു വസ്തു കൊണ്ടാണ് കെരുബുകൾ ഉണ്ടാക്കിയിരിക്കുന്നത് ?
7. ആലയം പണിയുന്നതിനുമുൻപ് യഹോവയുടെ നിയമപെട്ടകം സൂക്ഷിച്ചിരുന്ന സ്ഥലം ?
8. ശലോമോൻ പാടിസ്തുതിച്ചപ്പോൾ യഹോവയുടെ തേജസ് ഏതു രൂപത്തിലാണ് ആലയത്തിൽ പ്രത്യക്ഷപ്പെട്ടത് ?
9. ശലോമോന്റെ പ്രാർത്ഥനയ്ക്കു ദൈവം ഉത്തരം നൽകിയത് എങ്ങനെ ?
10. ശലോമോൻ എത്ര വർഷം കൊണ്ടാണ് ആലയത്തിന്റെ പണിപൂർത്തികരിച്ചത് ?
11. മയാഖയുടെ മകൻ ?
12. രാജ ഭരണം ഏറ്റെടുത്ത പ്പോൾ രെഹബെയാമിന് വയസ്സെത്ര ?
13. അബീയാവിന്റെ അമ്മയുടെ പേര് ?
14. അബീയാവിന്റെ ഭരണകാലം ?
15. അബീയാവിനുശേഷം യെഹുദ ഭരിച്ച വ്യക്തി ?
16. കൊള്ള മുതൽ കൊണ്ട് യഹോവയ്ക്ക് യാഗം അർപ്പിച്ച രാജാവ് ?
17. മ്ലേഛ വിഗ്രഹം നിർമ്മിച്ചതു മൂലം രാജ്ഞി സ്ഥാനം നഷ്ടപ്പെട്ട സ്ത്രീ ?
18. കാലിനു ദീനം പിടിപെട്ടപ്പോൾ യഹോവയെ അന്വേഷിക്കാതെ വൈദ്യന്മാരെ അന്വേഷിച്ചു പോയ രാജാവാര് ?

## 72–ന്റെ ശരിയുത്തരങ്ങൾ

1. ബേല (1 ദിനവൃ 1: 43)
2. ശൗൽ (1: 48)
3. ഏർ (2: 3)
4. ശേശാൻ (2: 35)
5. അബ്ശാലോം (3: 2)
6. യബ്ബേസ് (4: 10)
7. ബേത്ത് – ഹാരോൻ (7: 24)
8. മെശുല്ലാം (9: 7)
9. ഫെലിസ്ത്യർ (10: 2)
10. യാശോബെയാം (11: 11)
11. ആസാഫ് (19: 4)
12. ഹാനൂൻ (19: 4)
13. ദാവീദ് (21: 25,26)
14. ദാവീദ് (28: 11)
15. ദാവീദ് (29: 1)
16. സാദോക്ക് (29: 22)
17. നാല്പതു സംവത്സരം (29: 27)

## 72–ന്റെ ശരിയുത്തരങ്ങൾ അയച്ചവർ

1. മിനി സാബു
   കുമ്പളേരി, വയനാട്
2. ക്രിസിൽഡ
   പാപ്പിനിശ്ശേരി
3. കെ. വിൻഫ്രെഡ്
   79/B കോൺവെന്റ്
   റോഡ്, കണ്ണൂർ
4. ഡി. ബേബി
   സത്യനഗർ
   തിരുവനന്തപുരം
5. ഡെയ്സി സ്പർജൻ
   കൊട്ടാരക്കര

# ദൈവീക സ്പർശനത്താൽ മദ്ധ്യപ്രദേശ്

കെ.കെ. ജോർജ്ജ് , മിഷൻ ഡയറക്ടർ

മധ്യപ്രദേശിലെ ജി.എം.ഐ മിഷൻ പ്രവർത്തനങ്ങളുടെ കേന്ദ്രമായ ഛപ്പാര മിഷൻ സ്റ്റേഷനിലെ, വിവിധ മിഷണറിമാരുടെ പ്രവർത്തന മേഖലകൾ സന്ദർശിക്കുവാനും അവരോടൊപ്പം സമയം ചെലവഴിക്കുവാനും കൂട്ടായ്മ ആചരിക്കുവാനും പ്രാർത്ഥിക്കുവാനും കർത്താവ് സഹായിച്ചു. ജി.എം.ഐയുടെ സ്റ്റേറ്റ് കോ-ഓർഡിനേറ്ററായ സഹോ. വിനയദാസ് ആണ് അവിടെ മിഷനറി പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്.



*സൺഡേ സ്കൂൾ കുഞ്ഞുങ്ങൾ അവതരിപ്പിച്ച പരിപാടിയിൽ നിന്നും*



*സ്റ്റേറ്റ് കോ-ഓർഡിനേറ്റർ സഹോ. വിനയദാസ് കുടുംബത്തോടൊപ്പം*

സഹോ. വിനയദാസിനെക്കുറിച്ച് ഒരു വാക്ക് പ്രത്യേകം പറയേണ്ടിയിരിക്കുന്നു. അനാഥനായി ജനിച്ചു, അനാഥ മന്ദിരത്തിൽ തന്റെ ജീവിതം ആരംഭിച്ച പ്രിയ സഹോദരൻ അനാഥർക്കു വേണ്ടി പ്രവർത്തിക്കുന്ന ഒരു വ്യക്തിയാണ്. പഞ്ചായത്ത് മെമ്പറായി എതിരില്ലാതെ തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തിത്വത്തിന്റെ ഉടമ. സാമൂഹ്യ സേവനത്തിലൂടെ ക്രിസ്തുവിനെ എപ്രകാരം ജനങ്ങൾക്കു കാണിച്ചു കൊടുക്കാം എന്നു തെളിയിച്ച വ്യക്തി. ആർക്കും അനുകരിക്കാവുന്ന മാതൃകാപരമായ ചിട്ടയായ പ്രവർത്തനമാണ് സഹോ. വിനയദാസ് വഴി ജി.എം.ഐ നടത്തുന്നത്. ഏതു ഗ്രാമത്തിൽ ചെന്നാലും ആ ഗ്രാമത്തിലെ ജനങ്ങളുടെ ആവശ്യങ്ങൾ അറിഞ്ഞു പ്രവർത്തിക്കുന്നു. പഞ്ചായത്ത് മുതൽ കളക്ട്രേറ്റ് വരെയുള്ള ആവശ്യങ്ങൾ നിറവേറ്റി കൊടുക്കുന്നു. വ്യക്തിപരമായി നല്ല ഒരു ബന്ധം സൃഷ്ടിച്ചതിനുശേഷം ക്രിസ്തുവിന്റെ സ്നേഹത്തെക്കുറിച്ചു പറയുന്നു. രോഗികൾക്കു വേണ്ടി പ്രാർത്ഥിക്കുന്നു. ഭൂതങ്ങൾ പുറത്താകുന്നതും രോഗികൾ സൗഖ്യമാകുന്നതും കാണുമ്പോൾ ധാരാളം ആളുകൾ ക്രിസ്തുവിങ്കലേക്ക് വരുന്നു.



*സ്റ്റേറ്റ് കോ-ഓർഡിനേറ്റർ സഹോ. വിനയദാസ് കൂട്ടായ്മ നടത്തുന്നു*

സഹോ. വിനയദാസിന്റെ നേതൃത്വത്തിൽ 11 മിഷണറിമാർ ചിട്ടയായ പ്രവർത്തനം നടത്തുന്നു. 1200 ഗ്രാമങ്ങൾ സുവിശേഷീകരിക്കണം എന്ന ലക്ഷ്യത്തോടെ 40 ചെറുപ്പക്കാരെ പരിശീലിപ്പിച്ചു കൊണ്ടിരിക്കുന്നു. എല്ലാ ദിവസവും 4 ഗ്രാമങ്ങൾ എങ്കിലും സന്ദർശിക്കുവാൻ താൻ പ്രത്യേകം ശ്രദ്ധിക്കുന്നു. ദിനവും ഒരു മിഷണറിയെ എങ്കിലും കണ്ട് പ്രവർത്തനങ്ങൾ വിലയിരുത്തി വരുന്നു.



*അത്ഭുത സാക്ഷ്യം പ്രസ്താവിക്കുന്നതിന്റെ ദൃശ്യം*



*സഹോ. മഖൻലൽ ജാക്കരിയും കുടുംബവും*

ഛപ്പാരയിൽ നിന്നും 35 കിലോ മീറ്റർ ദൂരെയുള്ള ബോർഗഡ് ഗ്രാമത്തിലേക്ക് പോയത് പുതിയ ഒരു അനുഭവം ആയിരുന്നു. വലിയ കൊടും കാടിനു നടുവിലുള്ള നദിക്കരയിലെ ആ ഗ്രാമത്തിൽ വളരെ പ്രയാസപ്പെട്ടാണ് എത്തിച്ചേർന്നത്. 200-ൽ അധികം വിശ്വാസികൾ അവിടെ കൂട്ടായ്മ ആചരിച്ചുവരുന്നു. സഹോ. അമിർചന്ദ് ആണ് അവിടത്തെ നമ്മുടെ മിഷണറി. ആ ഗ്രാമത്തിലെ സർപഞ്ചിന്റെ ഭാര്യ റുസിയബായി സഹോ. അമിർചന്ദിന്റെ പ്രാർത്ഥനയാൽ രോഗസൗഖ്യം പ്രാപിച്ചു. മൂന്നുവർഷമായി ആഴ്ചയിൽ 1,000/- രൂപ വിലയുള്ള ഇഞ്ചക്ഷൻ എടുത്തു കൊണ്ടിരിക്കുകയായിരുന്ന ആ സഹോദരിയ്ക്ക് ലഭിച്ച സൗഖ്യം ആ ഗ്രാമത്തിൽ അനേകർ യേശുവിൽ വിശ്വസിക്കാൻ മുഖാന്തിരമായിത്തീർന്നു.



*സഹോ. രാമകൃഷ്ണ ഗോംഗെയുടെ കൂട്ടായ്മയിലെ വിശ്വാസികൾ*



*സഹോ. അമിർചന്ദിന്റെ നേതൃത്വത്തിൽ നടത്തുന്ന കൂട്ടായ്മയുടെ ദൃശ്യം*

കൃഷിക്കാരാണ് ബോർഗഡിലെ ജനങ്ങൾ. ഗ്രാമത്തിൽ നിന്നും രാവിലെ 3 മണിക്ക് പുറപ്പെട്ട് 35 കിലോ മീറ്റർ നടന്ന പോയിട്ടാണ് അവരുടെ സാധനങ്ങൾ വിൽക്കുന്നത്. അടിസ്ഥാന സൗര്യങ്ങൾ ഒന്നും തന്നെ ഇല്ലാത്ത ആ ഗ്രാമത്തിൽ വൈദ്യുതിയും മറ്റു സൗകര്യങ്ങളും ലഭിക്കുന്നതിനായി ഞങ്ങൾ പ്രാർത്ഥിച്ചു. തിരകെ നാട്ടിൽ വന്നതിനു ശേഷം അവിടെ വൈദ്യുതി ലഭിക്കുന്നതിനുള്ള പ്രാരംഭ നടപടികളെല്ലാം പൂർത്തിയായതായി അറിയാൻ കഴിഞ്ഞു. പ്രാർത്ഥന കേട്ട് ഉത്തരം അരുളിയ ദൈവത്തിന് സ്തോത്രം അർപ്പിക്കുന്നു.

സഹോ. രാമകൃഷ്ണ ഗോംഗെ പ്രവർത്തിക്കുന്ന ഗൊരക്പൂർ ഗ്രാമത്തിൽ കടന്നു പോകുവാനിടയായി. ഈ മിഷണറിയുടെ പ്രാർത്ഥനയുടെ ഫലമായി പഞ്ചായത്തു തെരെഞ്ഞടുപ്പിൽ ജയിച്ച മുന്നിബായി എന്ന സഹോദരി പഞ്ചായത്ത് പ്രസിഡന്റ് ആയും തെരഞ്ഞെടുക്കപ്പെടു. താൻ ഇപ്പോൾ യേശുവിൽ വിശ്വസിച്ച് രക്ഷിതാവായി സ്വീകരിച്ച് കൂട്ടായ്മകളിൽ വളരെ സജീവമായി പങ്കെടുക്കുന്നു. പഞ്ചായത്ത് പ്രസിഡന്റ് മുഖേന സുവിശേഷ പ്രവർത്തനത്തിനു വലിയ മുന്നേറ്റം ഉണ്ടായിക്കൊണ്ടിരിക്കുന്നു.



*സഹോ. വിനയദാസിന്റെ കൂട്ടായ്മയിലെ വിശ്വാസികൾ*

സഹോ. മഖൻലൽ ജാക്കരിയയുടെ ഫീൽഡിലും സന്ദർശനം നടത്തുവാൻ കർത്താവ് സഹായിച്ചു. ഭൗമികമായ ഇല്ലായ്മകളുടെ നടുവിലും താൻ ദൈവരാജ്യത്തിനു വേണ്ടി ചിട്ടയായി പ്രവർത്തിക്കുന്നു. ധാരാളം കുട്ടികൾ വേദപഠനത്തിനായി കടന്നു വരുന്നു. പല സ്ഥലങ്ങളിലായി മിഷണറിമാരുടെ നേതൃത്വത്തിൽ ചിട്ടയായ വേദപഠന ക്ലാസ്സുകൾ നടന്നു വരുന്നത് കാണുവാനിടയായി. എത്രയോ യുവാക്കൾ, യുവതികൾ, കൊച്ചുകുഞ്ഞുങ്ങൾ, വളരെ ചിട്ടയായി ബൈബിൾ പഠിക്കുന്നതു കാണുമ്പോൾ നമ്മൾ അറിയാതെ ദൈവത്തെ സ്തുതിച്ചു പോകും. കുഞ്ഞുങ്ങളുടെ പാട്ടുകൾ, വാക്യം പറച്ചിൽ, അവരുടെ അച്ചടക്കം എന്നിവ എടുത്തു പറയേണ്ട പ്രത്യേകതകളാണ്.

ആത്മീകവും ഭൗമികവുമായ പല എതിർപ്പുകളും പ്രതികൂല സാഹചര്യങ്ങളും നിലനിൽക്കുന്ന ഇടങ്ങളിൽ അവയെ തൃണവൽഗണിച്ചു കൊണ്ട് ദൈവരാജ്യ വിസ്തൃതിയ്ക്കായി നമ്മുടെ മിഷണറിമാർ ചിട്ടയായി പ്രവർത്തിക്കുന്നതു കാണുമ്പോൾ; അവരുടെ ക്രിസ്തുവിലുള്ള വിശ്വാസം എത്രമാത്രം അടിയുറച്ചതാണെന്ന് പറയാതെ നിവർത്തിയില്ല. നമ്മുടെ പ്രാർത്ഥനയും സഹായസഹകരണങ്ങളും മിഷണറിമാർക്ക് വളരെ അത്യാവശ്യമാണ്. ഭാരതത്തിലെ ഗ്രാമങ്ങളുടെ സമ്പൂർണ്ണ സുവിശേഷീകരണം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുവാൻ ജി.എം.ഐ പ്രവർത്തനങ്ങളെ സർവ്വശക്തനായ ദൈവത്തിന്റെ തൃക്കരങ്ങളിൽ അർപ്പിച്ചു കൊണ്ട് പ്രാർത്ഥിച്ചാലും.

## ലൗ ഇന്ത്യ 2010

### ഗ്രെയ്സ് ഫെസ്റ്റുകൾ

2010 നവംബർ 11,12,13,14 - അലഹബാദ്, ഉത്തർപ്രദേശ്

2010 നവംബർ 15,16,17,18 - ന്യൂഡെൽഹി

**ഈ മഹായോഗങ്ങൾക്കായി പ്രാർത്ഥിച്ചാലും**

വൻ അത്ഭുതങ്ങളുടെ പിൻബലവുമായി ഭാരത ജനതയെ തന്നോട് ചേർക്കുവാൻ കർത്താവ് കരുണ പകരട്ടെ.........

# ദൈവകല്പന ഏറ്റെടുത്തു കൊണ്ട് പശ്ചിമബംഗാളിലെ ഗ്രാമീണ വിശ്വാസികൾ

*- മിഷൻ ന്യൂസ് ബ്യൂറോ*

**പ**ശ്ചിമ ബംഗാളിലെ 24 പർഗാനാസ് ജില്ലയിൽ പ്രവർത്തിച്ചുവരുന്ന 5 മിഷണറിമാരുടെ പ്രവർത്തന മേഖലകളിൽ നിന്നും 18 വ്യക്തികൾ ബാസീർഘട്ടിൽ വച്ച് 2010 സെപ്റ്റംബർ 17-ാം തീയതി ജലസ്നാനം സ്വീകരിച്ച് ക്രിസ്തുവോട് ചേർന്നു. റീജിയണൽ കോ-ഓർഡിനേറ്റർ ബ്രദർ. ജി.ആൽബർട്ടിന്റെ നേതൃത്വത്തിൽ നടന്ന പ്രസ്തുത ശുശ്രൂഷയിൽ കമർഡംഗാ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സഹോ. അശോക് കുമാർ മണ്ഡലിന്റെ പ്രവർത്തന മേഖലയിൽ നിന്നും ബിട്ടിക സർക്കാർ, ബിശ്വജിത് മണ്ഡൽ, സുബാഷ് മണ്ഡൽ, അനുപം ജയിൻ, ജോയ് ശ്രീ റോയ് എന്നീ സഹോദരങ്ങളും ജിരക്പൂറിൽ പ്രവർത്തിക്കുന്ന സഹോ. സന്ദീപ് മുഖർജിയുടെ ശുശ്രൂഷയിലൂടെ രക്ഷയുടെ അനുഭവത്തിലേക്ക് കടന്നുവന്ന താപോഷ് സർക്കാർ, സ്വപൻ മണ്ഡൽ, സുജാതാ ദാസ്, റിങ്കി ദാസ് എന്നിവരും രാമപൂർ ഗ്രാമത്തിൽ പ്രവർത്തിക്കുന്ന സഹോ. ശാന്തിരഞ്ജൻ ദാസിന്റെ പ്രവർത്തന മേഖലയിൽ നിന്നും പുഷ്ക്കർ മണ്ഡൽ, ധുലാൽ ദാസ് എന്നീ പ്രിയപ്പെട്ടവരും ജലസ്നാനം സ്വീകരിച്ചു.



സ്നാനം സ്വീകരിച്ച ദൈവമക്കൾ ബാസീർഘട്ടിലെ പ്രയർഹാളിൽ ഒത്തുചേർന്നപ്പോൾ

ധുലാൽ ദാസ് എന്ന വ്യക്തി 2010 ജനുവരി 4-ാം തീയതി 30 അടി ഉയരമുള്ള ഒരു തെങ്ങിൽ നിന്നും താഴെ വീണ് നട്ടെല്ലിന് ക്ഷതം സംഭവിച്ചു. ആശുപത്രിയിൽ പ്രവേശിപ്പിച്ച തനിക്ക് ഒരു മേജർ ഓപ്പറേഷൻ വേണ്ടി വരുമെന്ന് ഡോക്ടർമാർ വിധിയെഴുതി. ബ്രദർ. ജി. ആൽബർട്ടും മിഷണറി ശാന്തി രഞ്ജൻ ദാസും ആ ഭവനത്തിൽ കടന്നുപോയി പ്രാർത്ഥിച്ചു. ഓപ്പറേഷൻ കൂടാതെ അത്ഭുത സൗഖ്യം ലഭിച്ച ആ വ്യക്തി ആശുപത്രിയിൽ നിന്നും ഭവനത്തിൽ എത്തിയപ്പോൾ മിഷണറിമാർ തനിക്കായി പ്രാർത്ഥിച്ച വിവരം അറിയുവാനിടയായി. വിഗ്രഹാരാധിയായിരുന്ന താൻ മേയ് 5-ാം തീയതി രാമാപൂറിലെ പ്രെയർ ഹാൾ പ്രതിഷ്ഠാ ദിനത്തിൽ കൂട്ടായ്മയിൽ കടന്നുവന്ന് കർത്താവായ യേശുക്രിസ്തുവിനെ സ്വന്തരക്ഷിതാവായി സ്വീകരിക്കുന്നതായി സാക്ഷ്യം പ്രസ്താവിച്ചു. ഇദ്ദേഹവും സെപ്റ്റംബർ 17-ാം തീയതി നടന്ന സ്നാനശുശ്രൂഷയിൽ വച്ച് ജലസ്നാനം സ്വീകരിച്ചു.



പശ്ചിമ ബംഗാളിലെ ബാസീർഘട്ടിൽ വച്ച് 2010 സെപ്റ്റംബർ 17-ാം തീയതി നടന്ന 18 സഹോദരങ്ങളുടെ സ്നാന ശുശ്രൂഷയിൽ നിന്നും

ചോട്ടോ ജിരക്പൂറിൽ പ്രവർത്തിക്കുന്ന സഹോ. സമിത് മജുംദാറിന്റെ ഫീൽഡിൽ നിന്നും മണ്ഡു മണ്ഡൽ, ജോഗൻ സർക്കാർ; സംഗ്രാംപൂരിൽ പ്രവർത്തിച്ചു വരുന്ന സഹോ. ബോലാനാഥ് സർക്കാറിന്റെ ശുശ്രൂഷയിലൂടെ രക്ഷിക്കപ്പെട്ട സുമാസ് ബിശ്വാസ്, കാന്തോപാൽ; ബാസിർഘട്ടിലെ വിവിധ മേഖലകളിൽ കടന്നു പോയി സുവിശേഷം അറിയിക്കുന്ന സഹോ. മനോജ് മല്ലിക്കിന്റെ പ്രവർത്തന മേഖലയിൽ നിന്നും ദീത് ദാസ്, ബാപ്തി ദാസ് എന്നീ വ്യക്തികളും ജലസ്നാനം സ്വീകരിച്ചവരിൽ ഉൾപ്പെടുന്നു.

സ്നാനമേറ്റ് ക്രിസ്തുവോട് ചേർന്നവരുടെ അത്മീക വർദ്ധനയ്ക്കായും ഇനിയും ധാരാളം പേർ ആ പ്രദേശങ്ങളിൽ നിന്നും വിശ്വാസമാർഗ്ഗത്തിലേക്ക് കടന്നുവരേണ്ടതിനായും പ്രാർത്ഥിച്ചീടാം.



# വിശ്വാസത്താൽ ... അവർ, മറ്റു ചിലർ, വേറെ ചിലർ...

*രാജൻ ജെ. ആഷെർ*

*വിശ്വാസത്താൽ അവർ രാജ്യങ്ങളെ അടക്കി, നീതി നടത്തി, വാഗ്ദത്തം പ്രാപിച്ചു, സിംഹങ്ങളുടെ വായ് അടച്ചു, തീയുടെ ബലം കെടുത്തി, വാളിന്റെ വായ്ക്കു തെറ്റി, ബലഹീന തയിൽ ശക്തി പ്രാപിച്ചു, യുദ്ധത്തിൽ വീരന്മാരായിത്തീർന്നു, അന്യന്മാരുടെ സൈന്യങ്ങളെ ഓടിച്ചു. സ്ത്രീകൾക്കു തങ്ങളുടെ മരിച്ചവരെ ഉയിർത്തെഴുന്നേല്പിനാൽ തിരികെ കിട്ടി.*

*മറ്റു ചിലർ ഏറ്റവും നല്ലൊരു ഉയിർത്തെഴുന്നേൽപ്പു ലഭിക്കേണ്ടതിന് ഉദ്ധാരണം കൈക്കൊള്ളാതെ ഭേദ്യം ഏറ്റു.*

*വേറെ ചിലർ പരിഹാസം, ചമ്മട്ടി, ചങ്ങല, തടവ് ഇവയാലുള്ള പരീക്ഷ അനുഭവിച്ചു. കല്ലേറ് ഏറ്റു, ഈർച്ച വാളാൽ അറുക്കപ്പെട്ടു, പരീക്ഷിക്കപ്പെട്ടു, വാളാൽ കൊല്ലപ്പെട്ടു, ജടയാടുകളുടെയും കോലാടുകളുടെയും തോൽ ധരിച്ചു, ബുദ്ധിമുട്ടും ഉപദ്രവവും കഷ്ടവും സഹിച്ചു, കാടുകളിലും മലകളിലും ഗുഹകളിലും ഭൂമിയുടെ പിളർപ്പുകളിലും ഉഴന്നു വലഞ്ഞു; ലോകം അവർക്കു യോഗ്യമായിരുന്നില്ല. വിശ്വാസത്താൽ അവർ എല്ലാവരും സാക്ഷ്യം (അംഗീകാരം) പ്രാപിച്ചു" (എബ്രാ. 11: 33–39).*

## വിശ്വാസക്കുടുക്ക

ആധുനിക സുവിശേഷ പ്രസംഗകർക്കു വിശ്വാസം "മാന്ത്രിക കുടുക്ക" യാണ്. ചോദിക്കുന്നതെന്തും തരുന്ന മാന്ത്രിക കുടുക്ക. കുഞ്ഞുന്നാളിൽ കേട്ടിട്ടില്ലേ മാന്ത്രിക കുടുക്കയുടെ കഥ? "എടു കുടുക്കേ ചോറും കറിയും" എന്നു പറഞ്ഞു കഴിയുമ്പോൾ വിരിച്ചൊരുക്കിയ മേശയിൽ വിഭവസമൃദ്ധമായ സദ്യ. കുതിര വേണം, രാജകുമാരിയെ കല്യാണം കഴിക്കണം, വലിയ സൈന്യം വേണം എന്നൊക്കെ പറയുകയേ വേണ്ടൂ. നിമിഷത്തിനു ള്ളിൽ ചോദിച്ചതെല്ലാം റെഡി.

പണ്ട് മാന്ത്രിക കുടുക്ക കയ്യിലുള്ള ബാലൻ ചോറും കറിയും കുതിരയും രാജകുമാരിയെയും ചോദിച്ചാൽ മതിയായിരുന്നു. ഇന്നിപ്പോൾ "വിശ്വാസക്കുടുക്ക" ക്കാർ ചോറും കറിയും ചോദിച്ചാൽ പോരാ, പൊന്നരിച്ചോറു വേണമോ, ബസുമതിച്ചോറു വേണമോ ജയയോ, സുരേഖയോ? അതെന്തു മാത്രം വേകണം? എത്ര കറി വേണം? വെണ്ടയ്ക്കക്കറിയാണോ, മീൻകറിയാണോ, വറുത്ത താണോ, കഷണങ്ങളുടെ വലിപ്പം എന്നിങ്ങനെ, എല്ലാം പറയണം. വിശദാംശങ്ങളിൽ കുറവുണ്ടായാൽ 'വിശ്വാസക്കുടുക്ക' പണിമുടക്കും.

മഹാഗണി മേശയാണു വേണ്ടതെന്ന്, "ഓർഡർ" കൊടുത്തപ്പോൾ പറയാതിരുന്നതുകൊണ്ടു മേശ കിട്ടാതെപോയ കദനകഥ നാം പലയാവർത്തി കേട്ടു. കാറിന്റെ ചക്രങ്ങളുടെ എണ്ണം പറയാത്തതുകൊണ്ട് അതു മുടങ്ങിയ കാര്യവും മഹായോഗങ്ങളിലെ പ്രസംഗവിഷയമാണ്.

വിശ്വാസമുണ്ടെങ്കിൽ വിലയേറിയ വാഹനം മുതൽ ക്യാൻസർ സൗഖ്യം വരെ എന്തും നേടാനാകും എന്നും ഇന്നത്തെയത്ര വിശ്വാസം എനിക്ക് അന്നുണ്ടായിരുന്നെങ്കിൽ എന്റെ അപ്പൻ ക്യാൻസറിനു കീഴടങ്ങി മരിക്കുമായിരുന്നില്ല എന്നും പ്രവചിക്കുന്നയാൾ വിശ്വവിശ്രുതനാണ്.

> **വിശ്വാസം സ്നേഹത്തോടു കൂടിയ ആശ്രയമാണ്, നന്ദിപൂർവ്വമുള്ള സ്വീകരണമാണ്. രക്ഷയ്ക്കുവേണ്ടിയുള്ള മനുഷ്യന്റെ ദൈവത്തോടുള്ള പ്രതികരണമാണ്**

## എന്താണ് വിശ്വാസം?

വിശ്വാസത്തിനു വ്യക്തമായൊരു നിർവ്വചനം നല്കിക്കൊണ്ടാരംഭിക്കുന്ന 'വിശ്വാസ'ത്തിന്റെ അദ്ധ്യായം (എബ്രായർ)ലേഖകൻ ഉപസംഹരിക്കുകയാണ്. "വിശ്വാസത്താൽ അവർ എല്ലാവരും സാക്ഷ്യം പ്രാപിച്ചു".

പ്രത്യാശിക്കുന്ന കാര്യങ്ങളുടെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ ദൃഢബോധ വും ആണു വിശ്വാസം. Faith is the assurance of things hoped for, the conviction of things not seen - (N.A.S.B. എബ്രാ 11: 1)

വസ്തുമയമായ, ദൃശ്യവും, സ്പർശ്യവും ഗോചരവുമായ ഈ പ്രപഞ്ചത്തെ അഗോചരമായ കണിക (മാത്ര, തൻമാത്ര)കൾ കൊണ്ടാണു ദൈവം ഉണ്ടാക്കിയത് എന്ന പ്രഖ്യാപനമാണ് ഇത്. ഇന്നു സ്കൂളിലും കോളേജിലും പഠിക്കുന്ന ഈ ശാസ്ത്രസത്യം അന്നു ലേഖകർ പരിശുദ്ധാത്മാവിനാൽ അറിഞ്ഞു.

## വിശ്വാസ വീരന്മാർ

തുടർന്നു വിശ്വാസവീരന്മാരുടെ പട്ടികയാണ്; അവരുടെ പ്രകടനങ്ങളുടെ കഥകളാണ്. അതിൽ ഉജ്ജ്വലമായ വിജയങ്ങളുടെയും, തീവ്രമായ ആത്മനൊമ്പരത്തിന്റെയും കഥകളുണ്ട്. വിശ്വാസത്തിന്റെ അടിസ്ഥാന ഘടകങ്ങളിലൊന്നായ 'റിസ്ക് ഫാക്ടർ' ധാരാളമുണ്ട്.

അതിനുമുമ്പൊരിടത്തും ഒരിക്കലും കേട്ടുകേൾവിപോലുമുല്ലായിരുന്ന 'മഴ' എന്ന പ്രതിഭാസത്തെക്കുറിച്ച് അരുളപ്പാടു കിട്ടിയപ്പോൾ നോഹ, ഒരു ഭീമാകാരമായ പെട്ടകം ഉണ്ടാക്കി. നോഹ നേരിടേണ്ടിവന്ന റിസക് എന്തുമാത്രമെന്നു ചിന്തിക്ക ണം. ഒരു ജലയാന പാത്രം പർവ്വത ശിഖരത്തിൽ പണിയുക. നോഹയെ അന്നത്തെ ജനം എന്തു വിളിച്ചു കാണും. പക്ഷെ ആ സാഹസത്തിനദ്ദേഹം തുനിഞ്ഞതു വിശ്വാസത്താലാണെന്നു ലേഖകർ.

## വിശ്വാസത്തിന്റെ പരിശോധന

കുലപതിയായ അബ്രഹാം എക്കാലത്തെയും വിശ്വാസികളുടെ പിതാവായതെങ്ങനെ? അബ്രഹാമിന്റെ ജീവിതം വിശ്വാസത്തിന്റെ പ്രകടമായിരുന്നു; അതു മുഴുവനും ആത്മാനൊമ്പരത്തിന്റെയും ആത്മസംഘർഷങ്ങളുടെയും വേദിയായിരുന്നു.

സ്വസ്ഥമായി കുടുംബജീവിതം നയിച്ചിരുന്ന അദ്ദേഹത്തെ ഒരു നാൾ ദൈവം വിളിച്ചു പുറപ്പെടാൻ പറഞ്ഞു. "എങ്ങോട്ട്"? ന്യായമായും ആ ചോദ്യം അബ്രഹാമിലുദിച്ചു കാണാം. എന്നാൽ വിശ്വാസത്താൽ ആബ്രഹാം അനുസരിച്ചു; എവിടേക്കു പോകുന്നുവെന്നറിയാതെ പുറപ്പെട്ടു (എബ്രാ 11: 8). അബ്രഹാം ഒറ്റയ്ക്കല്ല എന്നോർക്കണം. സ്വന്തം മക്കളില്ലെങ്കിലും ഒരു വലിയ "കുടുംബം" കൂടെയുണ്ട്.

പക്ഷെ, ആ വിശ്വാസ വീരനിലും ആശങ്കകളുണ്ട്. യാത്രയ്ക്കിടയിൽ ഒരു നാൾ അദ്ദേഹം ദൈവത്തോടു ചോദിച്ചു. "എനിക്ക് എന്തു കിട്ടും"?

പരിചയും പ്രതിഫലവും ഒക്കെ കേൾക്കാൻ കൊള്ളാം. പക്ഷെ, തന്റെ കാര്യം? ദൈവം ഉറപ്പു നല്കി. നിന്റെ ഉദരത്തിൽ നിന്നു ജനിക്കുന്നവൻ നിന്റെ അവകാശിയാകും" അബ്രാഹാം ദൈവത്തിൽ വിശ്വസിച്ചു. അത് അദ്ദേഹത്തിനു നീതിയായി കണക്കിട്ടു (ഉല്പ.15:6).

ഏകദേശം നൂറു വയസ്സുള്ള അബ്രഹാം തന്റെ ശരീരത്തിന്റെ നിർജ്ജീവാവസ്ഥയെയോ സാറയുടെ ഗർഭ പാത്രത്തിന്റെ നിർജ്ജീവ അവസ്ഥയെയോ കുറിച്ചു വ്യാകുലപ്പെട്ടില്ല. വാഗ്ദത്തം ചെയ്തവൻ ശക്തൻ എന്നു പൂർണ്ണമായി ഉറച്ചു; ദൃഢമായി വിശ്വാസിച്ചു (റോമ 4: 19 –22).

## പരിശോധനയുടെ ക്രൂരരൂപം

ഏറ്റവും കുറഞ്ഞതു രണ്ടു രാത്രിയെങ്കിലും യുവാവായ യിസഹാക്കുമായി യാത്രയ്ക്കിടയിൽ അബ്രഹാമിനു കഴിച്ചുകൂട്ടേണ്ടിവന്നു. പൂർണ്ണ സുരക്ഷിതനായി പിതാവിനരികിൽ ഉറങ്ങുന്ന വാഗ്ദത്തസന്തതി! ചുറ്റും കനക്കുന്ന നിശ്ശബ്ദത! കുളിരകറ്റാൻ തീക്കുണ്ഠങ്ങൾക്കു ചുറ്റും അലസരായുറങ്ങുന്ന ദാസന്മാർ!

ആശ്വാസത്തിന്റെ ഈണത്തിൽ വിശ്വാസത്തിന്റെ ഈരടികൾ പാടി ഉറങ്ങാൻ വിസമ്മതിക്കുന്ന ആ പിതൃഹൃദയത്തെ എത്രയെത്ര ചോദ്യശരങ്ങൾ കുത്തിമുറിവേല്പിക്കുന്നു! "താൻ കേട്ടതു സത്യമോ? ദൈവത്തിനു തെറ്റിയോ? മക്കളുടെ അഗ്നിപ്രവേശം ആവശ്യപ്പെടുന്ന ഗോത്ര ദൈവങ്ങളും യഹോവയും തമ്മിൽ വ്യത്യാസം ഒന്നുമില്ലേ?

അബ്രഹാം സംശയങ്ങൾക്കു മുന്നിൽ പതറിയില്ല. വിശ്വാസത്താൽ യിസഹാക്കിനെ യാഗം അർപ്പിച്ചു. യിസഹാക്കിന്റെ മക്കളെയാണ് അബ്രഹാമിന്റെ സന്തതിയെന്നു വിളിക്കുന്നത് എന്ന വാഗ്ദത്തം കൈക്കൊണ്ട അദ്ദേഹം ഏകജാതനെ അർപ്പിച്ചു (എബ്രാ11: 17–19). പ്രതിസന്ധിയിലാണു വിശ്വാസത്തിന്റെ മാറ്റു തെളിയിക്കപ്പെടുന്നത്; ഓർക്കുക.

*(ശേഷം അടുത്ത പേജിൽ)*

30 ഭാരതം കാത്തിരിക്കുന്നു

# ജോർജ് മുള്ളർ

സരള ഓസ്റ്റിൻ

**1805** സെപ്റ്റംബർ 27-ന് പ്രഷ്യയിലെ ക്രോപ്പൻസ്റ്റഡിൽ ജോർജ് ജോർജ് മുള്ളർ പിതാവിന്റെ ആഗ്രഹാനുസരണം ലൂഥറൻ മിനിസ്ട്രിയിൽ പ്രവേശിക്കുന്നതിനായി ഹാലെ യൂണിവേഴ്സിറ്റിയിൽ പഠനത്തിനായി ചേർന്നു. അവിടെയും പഴയ ജീവിതം തുടർന്നുവന്ന മുള്ളർ 1825-ൽ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. മാനസാന്തരത്തിന്റെ അനുഭവത്തിലേക്കു വന്നപ്പോൾ സുവിശേഷ വേലയ്ക്കുള്ള ശക്തമായ വിളിയുണ്ടായി. തുടർന്ന് അദ്ദേഹം ലണ്ടനിലെത്തി. ലണ്ടനിലെത്തിയ മുള്ളർക്ക് പലവിധ പ്രതിസന്ധികൾ നേരിടേണ്ടിവന്നു. യഹൂദന്മാരുടെ ഇടയിൽ പ്രവർത്തിക്കുന്നതിനാവശ്യമായ പരിശീലനം നേടുന്നതിനിടയിൽ കഠിനാദ്ധ്വാനവും കാലാവസ്ഥയുടെ പ്രതികൂലവും മുള്ളറെ രോഗിയാക്കി മാറ്റി. ചികിൽസയ്ക്കായി ഡെവനിലേയ്ക്കു പോയ മുള്ളർ ലണ്ടൻ സൊസൈറ്റിയിൽ നിന്നും രാജിവയ്ക്കുകയും ബ്രദറൺ പ്രസ്ഥാനത്തിന്റെ നേതാക്കന്മാരുമായി ബന്ധം സ്ഥാപിക്കുകയും ചെയ്തു.

1830, ജോർജ് മുള്ളറിന്റെ ജീവിതത്തിൽ പല സംഭവങ്ങൾക്കും സാക്ഷ്യം വഹിച്ച വർഷമായിരുന്നു. ബ്രദറൺ സഭയുമായി ആജീവനാന്ത ബന്ധം സ്ഥാപിക്കാൻ അദ്ദേഹം തീരുമാനിച്ചു. ബ്രദറൺ മിഷണറിയായ ആന്റണി നോറീസ് ഗ്രോവ്സിന്റെ സഹോദരി മേരിയെ അദ്ദേഹം വിവാഹം ചെയ്തു.

മുള്ളർ ടെയ്ൻ മൗത്തിൽ ചാർജെടുക്കുമ്പോൾ സഭയിലെ ഇരിപ്പിടങ്ങൾക്ക് വാടക നിലനിന്നിരുന്നു. എന്നാൽ അദ്ദേഹം ആ സംവിധാനം നിർത്തലാക്കുകയും സഭയിൽ നിന്നും ലഭിച്ചിരുന്ന ചെറിയ ശമ്പളം ഉപേക്ഷിച്ചിട്ട് വിശ്വാസത്താലുള്ള ജീവിതത്തിന് തുടക്കം കുറിച്ചു. ബൈബിളിൽ അചഞ്ചലമായ വിശ്വാസമുണ്ടായിരുന്ന മുള്ളർ ക്രിസ്ത്യാനികൾ ബൈബിൾ ഭയഭക്തിയോടെ കൈകാര്യം ചെയ്യണമെന്ന് നിഷ്ക്കർഷിച്ചു. ബൈബിൾ പഠനത്തിന്റെ ആവശ്യകത ഉൾക്കൊണ്ടു 1934-ൽ അദ്ദേഹം ''വേദവിജ്ഞാന പീഠം'' ആരംഭിച്ചു.

ജോർജ് മുള്ളർ ബ്രിസ്റ്റാളിൽ സുവിശേഷ പ്രവർത്തനത്തിനായി എത്തിയ സമയത്ത് നാടെങ്ങും കോളറ ബാധിച്ചിരുന്നു. ധനികരെല്ലാം പട്ടണത്തിൽ നിന്നും മാറിപ്പോയി. പാവങ്ങൾ മാത്രം അവിടെ ശേഷിച്ചു. അവരവിടെ ചത്തൊടുങ്ങി. അനാഥരായ കുട്ടികൾ ആഹാരത്തിനായി നാടെങ്ങും അലഞ്ഞു. ഈ ദുരന്തങ്ങൾ മുള്ളറെ ചിന്താഭരിതനാക്കി. ഇതിൽ മനം നൊന്തമുള്ളർ 1836-ൽ ആദ്യത്തെ അനാഥശാല ഉത്ഘാടനം ചെയ്തു. അവിടെ പൊതു വിദ്യാഭ്യാസം, പ്രായോഗിക പരിശീലനം, നല്ല ഭക്ഷണം, പ്രാർത്ഥന, ആരാധന എന്നിവ നിറഞ്ഞുനിന്നു.

1880-ആയപ്പോൾ പ്രവർത്തനങ്ങൾക്കായി അദ്ദേഹത്തിന് ധാരാളം പണം വന്നുചേർന്നു. അദ്ദേഹത്തിന്റെ കുട്ടികൾ ഒരിക്കലും നല്ല വസ്ത്രമില്ലാതെയോ ആഹാരമില്ലാതെയോ വലഞ്ഞില്ല. വിശ്വാസത്താൽ മുള്ളർ എല്ലാകാര്യവും നേടി.

ലോകത്തിന്റെ വിവിധയിടങ്ങളിൽ സഞ്ചരിച്ച് മുള്ളർ ബൈബിൾ ക്ലാസുകളും പ്രസംഗങ്ങളും നടത്തി. അനേകർക്ക് അദ്ദേഹം ആശ്വാസമായി. വിവിധ രാജ്യങ്ങൾ സന്ദർശിച്ച് കർത്താവിന്റെ സാക്ഷിയായി.

1898-മാർച്ച് 10- ാം തീയതി എല്ലാവരാലും ബഹുമാനിക്കപ്പെട്ട ജോർജ് മുള്ളർ അന്ത്യശ്വാസം വലിച്ചു.

സമഗ്രസാക്ഷ്യം ഉൾക്കൊണ്ടുള്ള പ്രവർത്തനമായിരുന്നു മുള്ളറിന്റേത്. സാമൂഹ്യ പ്രവർത്തനങ്ങൾ, നിർദ്ധനരുടെ വിദ്യാഭാസം, ലോക സുവിശേഷീകരണം, എന്നീ മേഖലകളിൽ മുള്ളർ പ്രത്യേകം ശ്രദ്ധ കേന്ദ്രീകരിച്ചു. തന്റെ നേട്ടങ്ങളുടെ അടിസ്ഥാനം വിശ്വാസം മാത്രമായിരുന്നു. സ്വന്തം ജീവിതത്തിലൂടെ ക്രിസ്തുവിന്റെ സ്നേഹം മറ്റുള്ളവർക്ക് കാട്ടിക്കൊടുത്ത ജോർജ് മുള്ളറിനെപ്പോലുള്ള ധീരയുവാക്കൾക്കായി ഭാരതം കാത്തിരിക്കുന്നു.

---

8-ാം പേജിന്റെ തുടർച്ച...

## വിശ്വാസത്താൽ വേറെ ചിലർ

വിശ്വാസത്താൽ ജയിച്ചവരുടെ, നേടിയവരുടെ, പ്രതിസന്ധികളിലൂടെയാണെങ്കിലും പ്രസിദ്ധരായവരുടെ പട്ടിക ഇടയ്ക്കു മുറിച്ചിട്ടു ലേഖകർ സംഗ്രഹിക്കുന്നു: വിശ്വാസത്താൽ അവർ രാജ്യങ്ങളെ അടക്കി....(എബ്രാ 11:33). പ്രസിദ്ധരായ രാജാക്കന്മാരുടെയും പ്രവാചകന്മാരുടെയും എല്ലാം കഥാസംഗ്രഹം അവിടെ ഇല്ല.

ചുവടെ ലേഖകർ, സംഭവിച്ച നഷ്ടങ്ങളുടെയും തോൽവികളുടെയും മരണങ്ങളുടെയും തിരസ്ക്കാരങ്ങളുടെയും അലച്ചിലിന്റെയും പട്ടിണിയുടെയും പരീക്ഷണങ്ങളുടെയും കാര്യങ്ങളാണു പറയുന്നത്. ഈ ലോകത്തിന്റെ വീക്ഷണത്തിൽ എല്ലാം പരാജയങ്ങളുടെ കാര്യങ്ങൾ. അവർക്കു പേരുകൾ ഇല്ല. മുഖമില്ലാത്ത മറ്റു ചിലരും വേറെ ചിലരും.

പക്ഷെ വിചിത്രമായൊരു കാര്യം: ഇക്കൂട്ടരും വിശ്വാസത്താലാണു ഭേദ്യമേറ്റത്. കല്ലേറും ചങ്ങലയും ചമ്മട്ടിയും സഹിച്ചതു വിശ്വാസത്താലാണ്. കാടുകളിലും മലകളിലും ഗുഹകളിലും പിളർപ്പുകളിലും ഉഴന്നുവലഞ്ഞവർ വിശ്വാസത്താലാണങ്ങനെ ചെയ്തത്.

## അന്യർ, പരദേശികൾ

അവർക്കൊക്കെ ഒരു കാര്യം ബോധ്യമായിരുന്നു. "ഈ ലോകം നമുക്കു യോഗ്യമല്ല" നമുക്കായി മറ്റൊന്ന് ഒരുങ്ങിക്കൊണ്ടിരിക്കുന്നു. നാം ഇവിടെ അന്യരും പരദേശി കളും കൂടാര വാസികളുമാണ്. വിശ്വാസികളുടെ പിതാവിന് അതേ മനോഭാവം തന്നെ.

"യിസഹാക്കിനോടും യാക്കോബിനോടും കൂടെ, വാഗ്ദത്തദേശത്ത് ഒരു അന്യദേശത്ത് എന്ന പോലെ കൂടാരങ്ങളിൽ പാർത്തു കൊണ്ടു ദൈവം ശില്പിയായി നിർമ്മിച്ച അടി സ്ഥാനങ്ങളുള്ള നഗരത്തിനായി കാത്തിരുന്നു" (എബ്രാ 11 : 9).

## വിശ്വാസം പ്രത്യാശയുടെ ഉറപ്പ്

വിശ്വാസം ഈ ലോകത്തു നേട്ടങ്ങൾ കൊയ്യാനുള്ള താക്കോൽ അല്ല എന്നു വിശ്വാസവീരന്മാരുടെ അനുഭവം വിളിച്ചോതുന്നു. വിശ്വാസം പ്രത്യാശയുടെ ഉറപ്പാണ്. ഈ ലോകം യോഗ്യമല്ലാത്തതുകൊണ്ട് വരുവാനുള്ളതു കാത്തിരിക്കാനുള്ള ഉറപ്പും ആവേശവും നല്കുന്നതു വിശ്വാസമാണ്.

വിശ്വാസം, കാണാത്ത കാര്യങ്ങളെക്കുറിച്ചു ദൃഢബോധ്യം നല്കുന്നു. വിശ്വാസിയുടെ ജീവിതത്തിന്റെ അടിസ്ഥാനം തന്നെ പ്രത്യാശയാണ്. നമ്മുടെ പ്രതീക്ഷയും പ്രത്യാശയും ഈ ലോകത്തിലേക്കു മാത്രമാണെങ്കിൽ നാം സകല മനുഷ്യരെക്കാളും അരിഷ്ടന്മാരാണ് (1 കൊരി15: 19) എന്നു പൗലൊസ് സാക്ഷ്യപ്പെടുത്തുന്നു.

പ്രത്യാശ നമ്മുടെ ആത്മാവിന്റെ നങ്കൂരമാണെന്ന് എബ്രായ ലേഖനകർത്താക്കൾ സമർത്ഥിക്കുന്നു. ഈ നങ്കൂരം നിശ്ചയവും സ്ഥിരവുമാണ്; മാത്രമല്ല, അതു തിരശീലക്കകത്തേക്കു കടക്കുന്നതാണ്. യേശു, നമ്മുടെ മഹാപുരോഹിതനായി അവിടേക്കു പ്രവേശിച്ചിരിക്കുന്നു (എബ്രാ 6:19,20). വിശ്വാസം ഈ പ്രത്യാശയുടെ ഉറപ്പാണ്.

## വിശ്വാസം രക്ഷയ്ക്കു നിദാനം

യേശുക്രിസ്തുവിൽ വിശ്വാ സിച്ചു രക്ഷപ്രാപിക്കുക എന്നുള്ളത് പുതിയ നിയമത്തിന്റെ കാതലായ ഉപദേശമാണ്. പഴയനിയമം ന്യായപ്രമാണത്തിന്റെ പ്രവർത്തികളാലുള്ള ജീവിതത്തെ ഉറപ്പിക്കുമ്പോൾ പുതിയ നിയമം 'പ്രവർത്തികളും കാരണമല്ല, നിങ്ങളും കാരണമല്ല എന്നാണ് പഠിപ്പിക്കുന്നത്' (എഫെ 2: 6,8 , തീത്തൊ 3: 5), ദൈവം കൃപയാൽ മനുകുനലത്തെ രക്ഷിച്ചു. പക്ഷെ വ്യക്തികൾ വിശുദ്ധാത്താൽ രക്ഷ സ്വാംശീകരിക്കുന്നു.

വിശ്വാസം സ്നേഹത്തോടു കൂടിയ ആശ്രയ മാണ്, നന്ദിപൂർവ്വമുള്ള സ്വീകരണമാണ്. വിശ്വാസം, രക്ഷയ്ക്കുവേണ്ടിയുള്ള മനുഷ്യന്റെ ദൈവത്തോടുള്ള പ്രതികരണമാണ്. യേശുവിന്റെ രക്ഷകരമായ പ്രവർത്തിയുടെ ഫലം സ്വായത്തമാക്കാനുള്ള താക്കോലാണു വിശ്വാസം.

പൗലോസിന്റെ വാക്കുകൾ കേൾക്കൂ: ഞാൻ ആരെ വിശ്വസിക്കുന്നു എന്ന് എനിക്കറിയാം. ഞാൻ അവിടുത്തെ ഭരമേല്പിച്ചത് ആ ദിവസത്തോളം കാക്കുവാൻ അവിടുന്നു ശക്തനാണെന്നു വിശ്വസിക്കാൻ ഞാൻ പ്രേരിതനാകുന്നു (2 തിമൊ 1; 12).

ദൈവത്തിൽ വിശ്വാസമർപ്പിച്ച് പ്രത്യാശയോടെ നമുക്കു മുന്നേറാം. ഈ ലോകം നമുക്കു യോഗ്യമല്ല. വ്യാജന്മാർ നമ്മെ തെറ്റിക്കരുത്.

ഭാഗം-58

# ക്രൈസ്തവസഭയുടെ ചരിത്രം

*എൻ. ജസ്റ്റിൻരാജ്*

## *വില്യം കേറിയുടെ പ്രവർത്തനം ഭാരതത്തിൽ (എ.ഡി. 1793)*

കച്ചവട കണ്ണുകളോടും അധികാരമോഹത്തോടും ഭാരതം ഭരിച്ചിരുന്ന ബ്രിട്ടിഷുകാരായിരുന്നു ഭാരതത്തിൽ മിഷണറിമാർ കടന്നുവരുന്നതിന് അധികം തടസ്സമായിരുന്നത്. എന്നാൽ തനിക്കു മുന്നിലുണ്ടായിരുന്ന എല്ലാ പ്രതികൂലങ്ങളേയും അവഗണിച്ചുകൊണ്ട് ക്രിസ്തുവിന്റെ സാക്ഷിയായി ഭാരതത്തിൽ കടന്നുവന്നു മിഷണറി ദൗത്യം നിർവ്വഹിക്കുവാൻ വില്യംകേറി എന്ന ചെരുപ്പു കുത്തിയെ ദൈവം ശക്തീകരിച്ചു. ബൈബിൾ പരിഭാഷാരംഗത്തും വിദ്യാഭ്യാസ രംഗത്തും ആതുര ശ്രുശ്രൂഷാ രംഗത്തു, സാംസ്കാരിക സാമൂഹികോദ്ധാരണ രംഗത്തും വില്യം കേറി വഹിച്ച പങ്ക് മഹനീയമാണ്. ''ദൈവത്തിൽ നിന്നും വൻകാര്യങ്ങൾ പ്രതീക്ഷിക്കുക, ദൈവത്തിനായി വൻകാര്യങ്ങൾ ചെയ്യുവാൻ ഉദ്യമിക്കുക". (Expect great things from God; Attempt great things for God) എന്ന ജീവിതതത്വവുമായി ഭാരതത്തിലേക്കു കടന്നുവന്ന ഈ മിഷണറിവര്യനിലൂടെ ദൈവം വൻകാര്യങ്ങൾ ചെയ്യുവാനിടയായി. ആയതിനാൽ ''ആധുനിക പ്രൊട്ടസ്റ്റന്റ് മിഷണറി പ്രസ്ഥാനത്തിന്റെ പിതാവ്'' എന്ന പേരിന് അദ്ദേഹം യോഗ്യനായി. മിഷണറി പ്രവർത്തനത്തിൽ വില്യംകേറിയുടെ പങ്കിനെക്കുറിച്ച് ക്രൈസ്തവ സഭാചരിത്രം ഭാരതത്തിൽ എന്ന ലേഖന പരമ്പരയിൽ വിശദമായി പ്രതിപാദിക്കുന്നതായിരിക്കും.

1795-ൽ രൂപം കൊണ്ട ലണ്ടൻ മിഷണറി സൊസൈറ്റി അക്രൈസ്തവരുടെ ഇടയിലെ മിഷണറി പ്രവർത്തനത്തിന് വളരെ പ്രാധാന്യം നല്കി. ഇന്ത്യ, ചൈന, ദക്ഷിണ ആഫ്രിക്ക, തെക്കു കിഴക്കൻ ഏഷ്യൻ രാജ്യങ്ങൾ തുടങ്ങിയ പ്രദേശങ്ങളിലേക്ക് അവരുടെ പ്രവർത്തനം ശക്തമാവുകയുണ്ടായി.

### ഫ്രഞ്ച് സൈന്യത്തിന്റെ മുന്നേറ്റവും മാർപാപ്പയെ ബന്ദിയാക്കലും

ഫ്രഞ്ചു വിപ്ലവത്തിന്റെ അലകൾ യൂറോപ്പിന്റെ വിവിധ ഭാഗങ്ങളിൽ ആഞ്ഞടിച്ചു. അയൽ രാജ്യങ്ങളെ ആക്രമിച്ച് അധികാരം സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ ഫ്രഞ്ചുറിപ്പബ്ലിക്കൻ സൈന്യം സായുധരായി മുന്നേറി. ഫ്രഞ്ചു സൈന്യത്തിന്റെ നേതൃത്വം നെപ്പോളിയൻ ബോണപ്പാർട്ട് ഏറ്റെടുത്തത് ഫ്രഞ്ച് സൈന്യത്തിന് വീര്യം പകർന്നു. നെപ്പോളിയന്റെ സൈന്യം ടുലൂണിൽ ബ്രിട്ടീഷ് സൈന്യത്തെ പരാജയപ്പെടുത്തിയതോടെ അദ്ദേഹത്തിന്റെ ഖ്യാതി വർദ്ധിക്കുകയും ഫ്രഞ്ചു സൈന്യത്തിന്റെ ബ്രിഗേഡിയർ ജനറലായി ഉയർത്തപ്പെടുകയും ചെയ്തു. തുടർന്ന് ഇറ്റലി ആക്രമിച്ചു കീഴടക്കി അദ്ദേഹം റോമിനേയും തന്റെ ആധിപത്യത്തിൻ കീഴിലാക്കുമെന്ന് ജനങ്ങൾ ചിന്തിച്ചു. എന്നാൽ കത്തോലിക്ക സഭയുടെ ശക്തികേന്ദ്രവും മാർപ്പാപ്പയുടെ ആസ്ഥാനവുമായ റോമിനെ ആക്രമിച്ച് കത്തോലിക്കാ സമൂഹത്തിന്റെ എതിർപ്പ് നേടുവാൻ തന്ത്രശാലിയായ നെപ്പോളിയൻ ശ്രമിച്ചില്ല. എങ്കിലും പീയൂസ് ആറാമൻ മാർപാപ്പയോട് 1797-ൽ ഒരു ഉടമ്പടിയിൽ ഒപ്പുവയ്ക്കുവാൻ ആവശ്യപ്പെട്ടു. എന്നാൽ അതിലെ വ്യവസ്ഥകളോട് യോജിക്കുവാൻ പാപ്പ വിസമ്മതിച്ചതിനാൽ ഒപ്പുവച്ചില്ല. റോമിലും ഫ്രാൻസിലേതുപോലെ ഒരു റിപ്പബ്ലിക്കൻ ഭരണം സ്ഥാപിക്കുന്നതിനായി റോമിലെ അന്നത്തെ ഫ്രഞ്ച് അംബാസിഡറും നെപ്പോളിയന്റെ സഹോദരനുമായിരുന്ന ജോസഫ് ബോണപ്പാർട്ടിന്റെ നേതൃത്വത്തിൽ ജനകീയ പ്രക്ഷോഭണങ്ങൾ സംഘടിപ്പിച്ചു. മാർപ്പാപ്പ അധികാരം വിട്ടൊഴിയണമെന്നാവശ്യപ്പെട്ടുകൊണ്ട് റോമൻ തെരുവുകളിൽ അവർ കലാപമുണ്ടാക്കി. പേപ്പൽ ഗാർഡുകളുമായി ഏറ്റുമുട്ടി ഒരു ഫ്രഞ്ചു ജനറൽ ഈ അവരസരത്തിൽ കൊല്ലപ്പെട്ടത് ജോസഫ് ബോണപ്പാട്ടിനെ ചൊടിപ്പിച്ചു. അദ്ദേഹം ഫ്രഞ്ചുസേനയെ റോമിലേക്കു വരുത്തി 1798-ൽ ജനറൽ ലൂയി ബർത്തിയുടെ നേതൃത്വത്തിൽ റോം ആക്രമിച്ചു കീഴടക്കുകയും വൃദ്ധനായ പീയൂസ് ആറാമൻ മാർപാപ്പയെ ബന്ദിയാക്കുകയും ചെയ്തു. മാർപാപ്പയുടെ അധികാര ചിഹ്നമായ മുദ്ര മോതിരം അദ്ദേഹത്തിന്റെ വിരലിൽ നിന്നും ഊരിയെടുത്ത അവർ അദ്ദേഹത്തിന്റെ ഭൗതീക അധികാരം അവസാനിച്ചു എന്നു പ്രഖ്യപിച്ചു. റോമിനെ പുതിയ റോമൻ റിപ്പബ്ലിക്കായി ലൂയിബർത്തി പ്രഖ്യാപിച്ചു. 81 വയസ്സുള്ള വൃദ്ധനും രോഗിയുമായ പാപ്പായെ മനുഷ്യത്വപരമായ യാതൊരു പരിഗണനയും നല്കാതെ ഒരു തടവുകാരനായി അന്നു തന്നെ സിയെന്നായിലേക്കു കൊണ്ടുപോയി. അവിടെ നിന്നും ഫ്ളോറൻസിലേക്കു കൊണ്ടുപോകപ്പെട്ട അദ്ദേഹം ഒരു മാസത്തോളം തടവിലായിരുന്നു. നെപ്പോളിയന്റെ നിർദ്ദേശപ്രകാരം ഫ്രാൻസിലേക്ക് കൊണ്ടുവരുമ്പോൾ 1799-ൽ ഓഗസ്റ്റ് 29-ന് അദ്ദേഹം അന്തരിച്ചു. ഇതോടെ റോമിൽ പാപ്പാധിപത്യം അസ്തമിച്ചു എന്ന് ഫ്രഞ്ച് സൈന്യം കൊട്ടിഘോഷിച്ചു. ജനറൽ ബെർത്തിയെ റോമിനെ ആക്രമിച്ചുകീഴടക്കിയതും മാർപാപ്പയെ ബന്ദിയാക്കിയതും '' അന്ത്യകാല ലക്ഷണ''മായി പലരും വ്യാഖ്യാനിച്ചു.

### പീയൂസ് ഏഴാമൻ മാർപാപ്പയാകുന്നു (എ.ഡി. 1802)

നെപ്പോളിയൻ റോമിലെ വിജയത്തിൽ മതിമറന്ന് ഈജിപ്തിലേക്കു പോയപ്പോൾ ഓസ്ട്രിയൻ സൈന്യവും റഷ്യൻ സൈന്യവും സംയുക്തമായി റോമിലായിരുന്ന ഫ്രഞ്ചുസൈന്യത്തെ അപ്രതീക്ഷിതമായി ആക്രമിച്ചു. ഫ്രഞ്ചുസൈന്യം പരാജയപ്പെടുകയും റോം വിട്ടുപോവുകയും ചെയ്തു. അങ്ങനെ പുതിയ റോമൻ റിപ്പബ്ലിക്കിന്റെ ആയുസ്സ് അധികകാലം ഉണ്ടായിരുന്നില്ല. നെപ്പോളിയന്റെ ഭീഷണിയുടെ മദ്ധ്യത്തിലും ഓസ്ട്രിയൻ സൈന്യത്തിന്റെ സംരക്ഷണത്തോടെ പുതിയ മാർപാപ്പയെ തെരഞ്ഞെടുക്കുവാനുള്ള 35 കർദ്ദിനാളന്മാരുൾപ്പെട്ട കോൺക്ലേവ് വെനീസിൽ കൂടി. ഭയത്തിലും ഭീതിയിലുമായിരുന്നു അവർ. പുതിയ സാഹചര്യത്തിൽ റോമിനെ നയിക്കുവാൻ കാര്യപ്രാപ്തിയുള്ള ഒരാളെ കണ്ടെത്തുവാൻ അവർ വിഷമിച്ചു. എങ്കിലും 1800 മാർച്ച് 14-ാം തീയതി ആർച്ചുബിഷപ്പ് കർദ്ദിനാൾ ബാർണഫൊക്യരമോന്തി, പീയൂസ് ഏഴാമൻ എന്ന പേരിൽ മാർപാപ്പയായി അധികാരം ഏറ്റു.

യൂറോപ്പിന്റെ മുഴുവൻ അധിപതിയാവുക എന്ന ലക്ഷ്യത്തോടെ നെപ്പോളിയൻ ഈ സമയം പുതിയ തന്ത്രം പയറ്റി. കത്തോലിക്കാ സഭയ്ക്കെതിരെ യുദ്ധം പ്രഖ്യപിച്ച നെപ്പോളിയൻ തന്നെ 'മതത്തെകൂടാതെ നാം ഇരുളിൽ തപ്പുകയാണ്'' എന്നു പ്രഖ്യാപിച്ചുകൊണ്ട് കത്തോലിക്കാമതത്തിലേക്ക് ചുവട് മാറ്റി. തന്റെ സ്വപ്ന സാമ്രാജ്യത്തിലേക്കുള്ള പ്രവേശനം സഭയിലൂടെ സാദ്ധ്യമാക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം ഫ്രാൻസിൽ കത്തോലിക്കാ സഭയ്ക്കെതിരെയുള്ള എല്ലാ വിലക്കുകളും മാറ്റുകയും അവർക്ക് ആരാധനാസ്വാതന്ത്ര്യം നല്കുകയും ചെയ്തു. അടഞ്ഞുകിടന്ന ദേവാലയങ്ങൾ തുറന്നു. പീയൂസ് ഏഴാമൻ മാർപാപ്പയും നെപ്പോളിയനും തമ്മിൽ 1802 ഏപ്രിൽ 18-ാം തീയതി പ്രാബല്യത്തിൽ വന്ന ഒരു ഉടമ്പടിയിൽ ഒപ്പുവച്ചു. ഫ്രാൻസിൽ കത്തോലിക്കാസഭ ഔദ്യോഗിക മതമല്ലെങ്കിലും മറ്റ് മതങ്ങൾക്കൊപ്പം അവർക്കും ആരാധനാസ്വാതന്ത്ര്യമുണ്ട്. നെപ്പോളിയന്റെ കത്തോലിക്കാമതംമാറ്റം ഫ്രാൻസിൽ കത്തോലിക്കാ സഭയ്ക്കനുകൂലമായ തരംഗങ്ങൾ ഉളവാക്കി. എന്നാൽ ഇത് കൊടുങ്കാറ്റിനുമുമ്പുള്ള ഒരു ശാന്തതയായി. സംശയദൃഷ്ടിയോടെ പലരും വീക്ഷിച്ചു.

**ബൈബിൾ പരിഭാഷ രംഗത്തും വിദ്യാഭ്യാസരംഗത്തും ആതുര ശ്രുശ്രൂഷാരംഗത്തും സാംസ്കാരിയ സാമൂഹികോദ്ധാരണരംഗത്തും വില്യം കേറി വഹിച്ച പങ്ക് മഹനീയമാണ്. "ദൈവത്തിൽ നിന്നും വൻകാര്യങ്ങൾ പ്രതീക്ഷിക്കുക, ദൈവത്തിനായി വൻകാര്യ ങ്ങൾ ചെയ്യുവാൻ ഉദ്യമിക്കുക". (Expect great things from God; Attempt great things for God) എന്ന ജീവിതതത്വവുമായി ഭാരതത്തിലേക്കു കടന്നുവന്ന ഈ മിഷണറിവര്യനിലൂടെ ദൈവം വൻകാര്യങ്ങൾ ചെയ്യുവാനിടയായി. ആയതിനാൽ "ആധുനിക പ്രൊട്ടസ്റ്റന്റ് മിഷണറി പ്രസ്ഥാനത്തിന്റെ പിതാവ്" എന്ന പേരിന് അദ്ദേഹം യോഗ്യനായി.**

(തുടരും)



# ചങ്ങാതിക്കൂട്ടം

– ഉണ്ണി

കഥ

## ക്രിസ്തുവും ഗാന്ധിയും

**പ്രി**യ കൂട്ടുകാരേ, ഒക്ടോബർ രണ്ട് ഗാന്ധിജയന്തിയാണെന്നു നമുക്കെല്ലാമറിയാം. ഗാന്ധിജയന്തി ദിനം അന്താരാഷ്ട്ര അഹിംസാ ദിനമായാണ് അചരിക്കുന്നത്. അതേക്കുറിച്ച് ഗാന്ധിജി പറഞ്ഞത് എന്താണെന്നറിയാമോ? ''പ്രാപഞ്ചികവും ലൗകികവുമായ എന്റെ എല്ലാ പ്രവർത്തനങ്ങളെയും നിയന്ത്രിക്കുന്നത് അഹിംസയാണ്. അഹിംസയിലുള്ള അടിയുറച്ച വിശ്വാസം എന്നിൽ രൂപം കൊണ്ടത് ക്രിസ്തുവിന്റെ സ്വാധീനത്താലാണ്"(Harijan.7.7.1939 page 6).

നിങ്ങൾക്കറിയാമോ നമ്മുടെ രാഷ്ട്രപിതാവിനെ യേശുനാഥൻ എത്രമാത്രം സ്വാധീനിച്ചിട്ടുണ്ട് എന്ന്. ക്രിസ്തുവിന്റെ ഗിരിപ്രഭാഷണങ്ങളായിരുന്നു ഗാന്ധിജിക്ക് ഏറെ ഇഷ്ടം ''ക്രിസ്തുവിന്റെ ഗിരിപ്രഭാഷണം മാത്രമാണ് പരിഗണിക്കുന്നതെങ്കിൽ ഒരു മടിയുമില്ലാതെ ഞാൻ പറയട്ടെ; അതേ അതേ ഞാൻ ഒരു ക്രിസ്ത്യാനിയാണ്"– ഇങ്ങനെ ഒരിക്കൽ ഗാന്ധിജി പറഞ്ഞിട്ടുണ്ട്.

മോഹൻദാസ് കരംചന്ദ് ഗാന്ധിയെ മഹാത്മാഗാന്ധിയാക്കുന്നതിൽ ഇൻഡ്യൻ സ്വാതന്ത്ര്യ സമര രംഗത്തെ നായകനാക്കുന്നതിൽ യേശുവിന്റെ ഇടപെടൽ വളരെ വലുതായിരുന്നു. ക്രിസ്തുവിന്റെ വചനവും മാംസവുമായിരുന്നു ഗാന്ധിജിയുടെ ചിന്തയും പ്രവർത്തിയും. അദ്ദേഹത്തിന്റെ വളരെ പ്രസിദ്ധമായ രണ്ടു വാചകങ്ങൾ പറഞ്ഞുകൊണ്ട് ഈ ചെറിയ കുറിപ്പ് അവസാനിപ്പിക്കാം.

"യേശു ക്രിസ്തു അഹിംസ അഭ്യസിക്കുന്നവരുടെ രാജകുമാരനായിരുന്നു. ഇക്കാര്യ ത്തിൽ അഹിംസയെ നാം മനസ്സിലാക്കേണ്ടത്, സത്യാഗ്രഹമായും, സത്യാഗ്ര ഹത്തിന്റെ പശ്ചാത്തലത്തിലൂടെയും മാത്രമാണ്".

## യേശു ജീവിക്കുന്നു

അച്ഛൻ നല്കും സ്നേഹം അമ്മ നല്കും സ്നേഹം
നഷ്ടമാകുന്നേരം യേശു തരും സ്നേഹം
ഭൂമിയിലെ മർത്യ സ്നേഹം പോലെയല്ലാ
ജീവിക്കുന്ന ദൈവ സ്നേഹമെന്നറിയൂ നീ

യേശുവിന്റെ മാർഗം മോക്ഷത്തിന്റെ മാർഗം
ലോകത്തിന്റെ മോഹം നാശത്തിന്റെ മാർഗം
ഏതു വഴി വേണം ചോദിച്ചോളൂ വേഗം
ക്രിസ്തുവിന്റെ ഹൃത്തിൽ സ്വസ്ഥനാകു വേഗം

പാഠശാല വേണം പ്രാർത്ഥനയും വേണം
കൂട്ടുകാരുവേണം നല്ല കൂട്ടുകൂടൽ വേണം
യേശുവിന്റെ കൂടെ കൂട്ടുകൂടാൻ നിത്യം
കൂട്ടുകാർക്കു വേണ്ടി പ്രാർത്ഥിക്കേണം നിത്യം

തോറ്റു പോകും പാപം യേശുവെന്ന വാക്കിൽ
തേങ്ങലുകളെല്ലാം ആനന്ദമായ് മാറും
ആകാശത്തിൻ കീഴെ ഭൂമിമേലേയെന്നും
ഏകനാമം രക്ഷാ ജീവൻ യേശുമാത്രം

## ക്രിസ്തുവിനെ സ്നേഹിച്ച മിന്നാമിനുങ്ങ്

**കു**റ്റിക്കാടിനു നടുവിൽ ഒരാൾക്കു മാത്രം കടന്നു പോകാവുന്ന ഒരു ഒറ്റയടിപ്പാതയുടെ അരികിൽ ഒരു തവളയും മിന്നാമിനുങ്ങും താമസിച്ചിരുന്നു. സന്ധ്യ കഴിഞ്ഞാൽ നിലാവെളിച്ചം പോലും കടന്നു വരാത്ത വിധം മരങ്ങളും വള്ളിപ്പടർപ്പുകളും കൊണ്ടു നിബിഢമായിരുന്നു ആ പ്രദേശം.

ഒറ്റയടിപ്പാത തുടങ്ങുന്നിടം ഒരു കയറ്റമാണ്. ആ കയറ്റം കയറി ഇറങ്ങുമ്പോൾ സൂക്ഷിച്ചു യാത്ര ചെയ്തില്ലെങ്കിൽ ചിലപ്പോഴെങ്കിലും ചിലരെല്ലാം സമീപത്തുള്ള ചെളിക്കുണ്ടിൽ വീഴുക പതിവായിരുന്നു.

ഇങ്ങനെ ചെളിക്കുണ്ടിൽ വീണ് ആളുകൾ നിലവിളിക്കുന്ന നേരം തൊട്ടടുത്തുള്ള കുറ്റിക്കാട്ടി ലിരുന്നു ഈ കാഴ്ചയെല്ലാം കണ്ട് ഒരു മൊണ്ണൻ കരിതവള ചിരിക്കുമായിരുന്നു. തവളയുടെ താമസ സ്ഥലത്തിനു മുകളിലുള്ള ചെറിയ മരത്തിലിരുന്നു ഇതെല്ലാം കാണുകയായിരുന്ന മിന്നാമിനുങ്ങിന് സങ്കടം സഹിക്കാനായില്ല. "ഞാനവർക്കു വെളിച്ചം കൊടു ക്കാൻ പോവുകയാണ്" എന്നു പറഞ്ഞു കൊണ്ടു പറന്നു പോകാൻ തുടങ്ങുമ്പോഴൊക്കെ തവള മിന്നാ മിനുങ്ങിനെ നിരുത്സാഹപ്പെടുത്തി. 'എടോ...നീ ഇങ്ങനെ മിന്നിമിന്നി പറന്നാലൊന്നും ആളുകൾക്ക് വെളിച്ചം കിട്ടീന്നുവരില്ല. വെളിച്ചം കൊടുക്കാനാണ് നിന്റെ ആഗ്രഹമെങ്കിൽ നീ പറന്നു നടക്കാതെ അവിടെ എവിടെയെങ്കിലും ഇരുന്നു കത്തണം. നീ അങ്ങനെ ചെയ്താൽ നേരം വെളുക്കുമ്പോഴേക്കും തളർന്നു നീ ചത്തു പോകും. അതുകൊണ്ട് നീ ഇവിടെ മര്യാദക്കിരി .......ഞാനീ വീഴ്ചയെല്ലാം കണ്ടൊന്നു ചിരിച്ചോട്ടേ ......ഹീ.......ഹീ......ഹീ."

എന്തു ചെയ്യും. പാവം മനുഷ്യർ വഴി പരിചയമി ല്ലാത്തവരാണ് കുഴിയിൽ വീഴുന്നത്. തനിക്ക് ആഗ്രഹമുണ്ട് അവരെ രക്ഷിക്കാൻ, ഒരു ദിവസമെങ്കിൽ ഒരു ദിവസം എനിക്ക് വഴി പോക്കരെ രക്ഷിച്ചേ മതിയാകൂ..... അങ്ങനെ ചെയ്യുമ്പോൾ ഞാൻ മരിച്ചുപോവുകയാണെങ്കിൽ എന്റെ ജീവിതം ധന്യമാകും. തീർച്ച. ജീവത്തിൽ എത്രയോ മനുഷ്യർക്ക് വെളിച്ചമായശേഷം മരിച്ചു പോകുന്നതുകൊണ്ട് യാതൊരു കുഴപ്പവുമില്ല. ഞാൻ സ്നേഹിക്കുന്ന എന്റെ ദൈവം ക്രിസ്തു തമ്പുരാൻ കാട്ടിത്തന്ന ജീവിതമതാണ്. മറ്റുള്ളവർക്കുവേണ്ടി സ്വയം ബലിയായി മാറുക.

മിന്നാമിനുങ്ങ് പിന്നീടൊന്നും ചിന്തിച്ചില്ല. മനുഷ്യർ കാൽവഴുതി വീഴുന്ന വഴിയരികിലുള്ള ഒരു മരച്ചില്ലയിൽ അവൻ പറ്റിപ്പിടിച്ചിരുന്നു. സർവ്വശക്തി യുമെടുത്ത് തന്റെ വെളിച്ചം മുഴുവൻ ആ വഴിയിലേക്കു വിതറി അവർ യാത്രക്കാരെ അപകടത്തിൽ നിന്നു രക്ഷിച്ചു. ആ രാത്രി ആരും തന്നെ അപകടത്തിൽ പെട്ടില്ല. മിന്നാമിനുങ്ങിനു സന്തോഷമായി. തന്റെ വെളിച്ചത്തിനുഫലമുണ്ടായിരിക്കുന്നു. എല്ലാ ആളുകളും സന്തോഷപൂർവ്വം യാത്രചെയ്യുന്നു.

പക്ഷേ.... പെട്ടെന്നാണതു സംഭവിച്ചത്.േ....നേരം വെളുത്തു തുടങ്ങിയിട്ടേയുള്ളൂ...... മിന്നാമിനുങ്ങിന്റെ വെളിച്ചം കുറഞ്ഞു കുറഞ്ഞു വന്നു. അവന്റെ ചിറകിന്റെ ശക്തി ക്ഷയിച്ചു. അവന്റെ ശരീരം തളർന്നു. അധികം താമസിയാതെ ആ പ്രകാശകണം താഴെ പൊടിമണ്ണിലേക്കു ചത്തുവീണു.

സ്വർഗ്ഗത്തിൽ മിന്നാമിനുങ്ങിന് സ്വീകരണ മൊരുക്കി കാത്തിരിക്കുന്ന ഒരു ദൈവത്തെ സ്വപ്നം കണ്ടു കൊണ്ടാണ് അവൻ അവസാനത്തെ പ്രകാശവും മറ്റുള്ളവർക്കുവേണ്ടി നൽകിയതെന്ന് അറി യുമ്പോൾ........

REG NO. 337/14/15/ AL-86 TC III    MONTHLY MALAYALAM    REGD. NO. KL/TV(S)/142/2009-11
Posted at Trivandrum RMS on 25th, 26th every month
LICENSE NO. - TECH/53/2009-2011 'LICENSED TO POST WITHOUT PRE PAYMENT'



**'സംരക്ഷണവും സന്ധാരണവും':** ജി. എം.ഐ.യുടെ ഹഫാം മുഖാന്തരം മൂന്ന് എളിയ കുടുംബങ്ങൾ ഏറ്റെടുക്കപ്പെട്ടതിനെപ്പറ്റി വിശദികരിച്ചുകൊണ്ട് കന്റോൺമെന്റ് സർക്കിൾ ഇൻസ്പെക്ടർ ശ്രീ. വി. സുരേഷ്കുമാർ

ന്തരം ഇത്തരം ഒരാശ്വാസം എത്തിച്ചേരുന്നതിനായി പ്രവർത്തിച്ച കന്റോൺമെന്റ് അസി. സബ് ഇൻസ്പെക്ടർ ശ്രീ. ജോൺ, ചെങ്കൽചൂള ബീറ്റ് ഓഫീസർ, ഹെഡ് കോൺസ്റ്റബിൾ ശ്രീ.അജി സൈമൺ, ഹഫാം ഫീൽഡ് സൂപ്പർവൈസർ ശ്രീ. ദേവദാനം സാരസം എന്നിവരുടെ സേവനവും പ്രശംസാർഹമാണ്.

ജി.എം.ഐയുടെ സാന്നിധ്യം ഈ പ്രദേശത്തിന് ദിവ്യവെളിച്ചത്തിന്റെ ശോഭ അണിയുവാൻ ഇടയാക്കട്ടെയെന്നു പ്രാർത്ഥിച്ചീടാം.



**'ഗുരുനാഥന്റെ വചസ്സുകൾ പ്രചോദനം'**
ചടങ്ങിനെ അഭിസംബോധന ചെയ്തുകൊണ്ട് ജി.എം.ഐ പ്രസിഡന്റ് ഡോ. ഡി. ജെ. അജിത്കുമാർ

*ഒന്നാം പേജിന്റെ തുടർച്ച...*

പിന്നിലെ പ്രചോദനമെന്ന് പ്രസ്താവിച്ച സഹോ. ഡി.ജെ അജിത് കുമാർ ഈ സമൂഹം മേൽക്കുമേൽ അഭിവൃദ്ധിയിലേക്ക് ഉയർന്നു വരട്ടെയെന്നാശംസിച്ചു.

ശ്രീമതി സത്യഭാമ (52), വിഷ്ണു (12), വിശാഖ് (10) എന്നിവരടങ്ങുന്ന കുടുംബത്തെ ഒമാനിൽ എൻജിനിയറായ ശ്രീ. ജയചന്ദ്രദാസിന്റെ കുടുംബം ഏറ്റെടുത്തു. എൻ. ദാസ് (55) ഭാര്യ ചന്ദ്രിക (45) കിടരോഗികളായ രജേഷ് കുമാർ (28) അജികുമാർ (26) എന്നിവരടങ്ങുന്ന കുടുംബത്തെ ഓസ്റ്റിൻ രാജിന്റെ കുടുംബം ഏറ്റെടുത്തു. വിധവയും രോഗിയുമായ തങ്കമ്മ (65)യുടെ കുടുംബത്തെ ഇ. ജായിറസിന്റെ കുടുംബം ഏറ്റെടുത്തു. ഈ പ്രദേശത്തിന് ജി.എം.ഐ മുഖാ



തിരുവനന്തപുരം ചെങ്കൽചൂള, രാജീവ് ഗാന്ധി ഹാളിൽ പോലീസ് ഡിപ്പാർട്ട്മെന്റ് ജി.എം.ഐയോടു ചേർന്നു നടത്തിയ എളിയ കുടുംബങ്ങളുടെ സന്ധാരണത്തോടനുബന്ധിച്ചുള്ള ചടങ്ങിന്റെ വേദി


# ഗ്രെയ്സ് മിനിസ്ട്രീസ് ഒഫ് ഇന്ത്യ

ഇന്ത്യയിലും അയൽരാജ്യങ്ങളായ നേപ്പാൾ, ഭൂട്ടാൻ, ബംഗ്ലാദേശ് എന്നിവിടങ്ങളിലുമായി ഗ്രെയ്സ് മിനിസ്ട്രീസ് ഒഫ് ഇന്ത്യ അനവധി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി വരുന്നു. താങ്കൾക്കും ഇതിൽ പങ്കാളിയാകാം.

ഗ്രെയ്സ് ഫെസ്റ്റുകൾ




ക്രിസ്തുകൃപ ആശ്രമങ്ങൾ



പബ്ലിക്കേഷൻസ്




സഞ്ചരിക്കുന്ന കൂടാര ശുശ്രൂഷ



ഹാപ്പി ഫാമിലി മിഷൻ




സൗജന്യ വിദ്യാഭ്യാസ പരിപാടികൾ



റസിഡൻഷ്യൽ മിഷണറി പ്രവർത്തനങ്ങൾ



മാസിക പ്രവർത്തനങ്ങൾ




- ★ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഗ്രെയ്സ്
- ★ ആതുര സേവനങ്ങൾ
- ★ ഹന്നാ ഇൻസ്റ്റിറ്റ്യൂട്ട്
- ★ ഡിസൈപ്പിൾസ് ഫെല്ലോഷിപ്പ്
- ★ ഡിസൈപ്പിൾസ് ഫാമിലി ഫെല്ലോഷിപ്പ്
- ★ പ്രമോഷണൽ ബാന്റ്
- ★ പ്രെയർ സെല്ലുകൾ

Grace Ministries of India, Nanthancode, Thiruvananthapuram - 695 003 ☎ 0471 - 2311439
E-mail : graceministriesofindia@yahoo.com || Web Site : www.graceindia.in
A/C No. 009901000020000 (I.O.B, Main Branch, Statue, Trivandrum)